
സർഗ്ഗഭ്രമിക

# സർഗ്ഗഭൂമിക

## ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

### സി.പി.പി.എച്ച്.എം.എച്ച്.എസ്സ് ഒഴൂർ

# ഓൺ ലൈൻ മാഗസിൻ രംഗത്ത് ലിറ്റിൽ കൈറ്റ്സ് ഒഴൂർ യൂണിറ്റിന്റെ ആദ്യ ചുവടുവെയ്പ്പ്

# ആശംസ



ഞങ്ങളുടെ സ്കൂളായ സി.പി.പി.എച്ച്.എം.എച്ച.എസ്.ലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ആദ്യത്തെ ഓൺലൈൻ മാഗസിനായ സർഗ്ഗഭൂമികയ്ക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

സി.പി. പോക്കർ
മാനേജർ

# ആശംസ



നമ്മുടെ സ്കൂളിലെ ഐ.റ്റി. കൂട്ടായ്മയായ "ലിറ്റിൽ കൈറ്റ്സ് " അംഗങ്ങൾ തയ്യാറാക്കിയ "സർഗ്ഗഭൂമിക" എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്

ഹെഡ് മാസ്റ്റർ

*രാജീവ്.എം.*



# ആശംസകൾ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആദ്യ സംരംഭമായ സർഗ്ഗഭൂമിക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

ഹനീഫ കോറാട്

(പി.ടി.എ പ്രസിഡന്റ്)

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആദ്യ ഓൺ ലൈൻ മാഗസിൻ ആയ സർഗ്ഗ ഭൂമികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

മാലതി.എം.ആർ

കൺവീനർ,മലയാളം കൗൺസിൽ

# ആശംസകൾ

ഞങ്ങളുടെ സ്ക്കൂളായ സി.പി.പി.എച്ച്.എം.എച്ച.എസ്.ലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ആദ്യത്തെ ഓൺലൈൻ മാഗസിനായ സർഗ്ഗഭൂമികയ്ക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

സ്നേഹപൂർവ്വം
രമാദേവി.എസ്സ്

സി.പി.പി.എച്ച്.എം.എച്ച്.എസ്.ഒഴൂരിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങളുടെ പ്രഥമ ഓൺലൈൻ മാസിക സർഗ്ഗഭൂമികയ്ക്ക് വിജയാശംസകൾ നേരുന്നു.

സ്നേഹത്തോടെ
ഷിജു.കെ.കെ

ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന ഡിജിറ്റൽ മാഗസിനു എല്ലാവിധ ആശംസകളും നേരുന്നു

സ്നേഹപൂർവ്വം
ഉദയകുമാർ. പി.കെ



# എഡിറ്റോറിയൽ

കേട്ടറിഞ്ഞ കഥകളും അനുഭവങ്ങളുംനിരീക്ഷണങ്ങളും പഠനങ്ങളും എല്ലാം അക്ഷരമലരുകളായി ഓൺ ലൈൻ മാഗസിൻ രൂപത്തിൽ ഞങ്ങൾ നിങ്ങൾക്കു മുന്നിൽ സവിനയംസമർപ്പിക്കുന്നു.സ്വീകരിക്കുക പതിരുകൾ നീക്കി പൊൻ മണികൾ മാത്രം തരാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.പോരായ്മകൾ ഉണ്ടാകാം.അവ ഒഴിവാക്കി അടുത്ത ചുവടുവെയ്പിന് അനുഗ്രഹിക്കുക.

സ്നേഹപൂർവ്വം
എഡിറ്റർ



# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| 1.ഫാത്തിമ സന.ഇ. | 9K |
| 2.മുഹമ്മദ് ഷിനാദ്.എൻ. | 9B |
| 3.ബദർ .കെ.ടി. | 9B |
| 4.മഹർബ തെസ്നി.എം.ടി. | 9B |
| 5.ശ്രീലക്ഷ്മി.ടി.കെ. | 9B |
| 6.മർജാന.പി. | 9B |
| 7.നന്ദന.പി.പി. | 9B |
| 8.അസ്ന ജെബിൻ.കെ. | 9B |
| 9.ഷഹാന ഷെറിൻ. | 9B |

# വഴികാട്ടികൾ

| | |
|---|---|
| 1.രാജീവ്.എം | (എച്ച്.എം) |
| 2.ഉദയകുമാർ.പി.കെ | |
| 3.മണികണ്ഠൻ.കെ.പി | (എസ്.ഐ.ടി.സി) |
| 4.അനിൽകുമാർ.കെ.കെ | (കൈറ്റ് മാസ്റ്റർ) |
| 5.പ്രമീളകുമാരി.എ.ജി | (കൈറ്റ് മിസ്ട്രസ്) |
| 6.മാലതി.എം.എം | |
| 7.രമാദേവി.എസ് | |
| 8.ഷീജ.കെ കെ | |

# ആമുഖം

വിവര സങ്കേതിക വിദ്യ ഉപയോഗിച്ച് നമ്മുടെ രചനകളും ചിത്രരചനയും ഉൾപ്പെടുത്തി മാഗസിൻ രൂപകല്പന എങ്ങനെ സാധ്യമാക്കാമെന്നതിന്റെ ഒരു ശ്രമമാണ് "സർഗ്ഗ ഭൂമിക"എന്ന ഓൺലൈൻ മാഗസിൻ.

വിവിധ സോഫ്റ്റ് വെയറുകളുടെ സഹായത്തലാണ് ഞങ്ങൾ ഈ മാഗസിൻ സഫലമാക്കിയത്.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കൂട്ടായ പരിശ്രമവും അദ്ധ്യാപകരുടെ നിർദ്ദേശങ്ങളും ഞങ്ങൾക്ക് നിർലോഭം ലഭിച്ചു.

സ്നേഹവിനയങ്ങളോടെ
ലിറ്റിൽ കൈറ്റ്സ്അംഗങ്ങൾ



## ഉള്ളടക്കം


| | |
|---|---|
| ഞങ്ങളുടെ വിദ്യാലയം ഒരു മുഖവുര | 12 |
| കാഴ്ച | 13 |
| സ്ഥാനം മാറിയാൽ | 14 |
| സമാജ് മേ നർ നാരി പ്രധാൻ സമാൻ | 15 |
| കുടിനീർ | 16 |
| ചക്കി കയറിയ പത്തായം | 18 |
| എവിടയോ മറഞ്ഞ ഓർമ്മകൾ | 19 |
| എലിയും സിംഹവും | 21 |
| കണ്ണമ്മ | 23 |
| പൊൻവിളക്ക് | 24 |
| കവിയും കവിതയും | 25 |
| ആത്മമിത്രം | 27 |
| പ്രകൃതിയിലെ ഗണിതം | 28 |
| ചാറ്റൽ മഴ | 34 |
| പാൽപ്പുഞ്ചിരി | 35 |
| അതിമോഹം | 37 |
| കേരളത്തിലെഗണിത അതുല്യപ്രതിഭകൾ | 39 |
| മഴ | 42 |
| പ്രകൃതിയോട് | 43 |
| പ്രളയം | 44 |
| പീറ്റർ ഡയമണ്ട് | 48 |
| കിളിവാലൻ | 49 |
| പാവങ്ങൾ | 50 |
| സമാധാനത്തിന്റെ യോദ്ധാവ് | 52 |
| നിലാവ് | 53 |
| വെളിച്ചം | 54 |
| ഇന്റർവ്യൂ | 57 |
| അപ്പു | 59 |
| പ്രകൃതി | 60 |
| ഓർമ്മയുടെ നാളുകൾ | 61 |
| സ്വാതിതിരുനാൾ | 64 |

## ഞങ്ങളുടെ വിദ്യാലയം-ഒരു മുഖവുര

തിരൂർ-ഇന്ത്യയുടെ സാമൂഹിക സാംസ്കാരിക ചരിത്ര ഭൂപടങ്ങളിൽ കൃത്യമായി അടയാളപ്പെടുത്തപ്പെട്ട ഒരു ദേശം തുഞ്ചത്താചാര്യന്റെ ജന്മം കൊണ്ട് പ്രശസ്തമായ തിരൂർ തുഞ്ചൻ പറമ്പിൽ നിന്നും ഏകദേശം 10 കി.മീറ്റർ കിഴക്കുമാറി സ്ഥിതി ചെയ്യുന്ന ഒഴൂർ ഗ്രാമത്തിലാണ് ഞങ്ങളുടെ വിദ്യാലയം.

ഈ വിദ്യാലയം സ്ഥിതി ചെയ്യുന്ന വെള്ളച്ചാൽ ഒഴൂർ പഞ്ചായത്തിലെ ഒരു പ്രധാന പ്രദേശമാണ്. മഴക്കാലമായാൽ വെള്ളം കുത്തിയൊലിക്കുകയും ഒരു കുളത്തിലേക്ക് വെള്ളച്ചാട്ടം പോലെ വീഴുകയും ചെയ്യുന്നതിനാലാണ് വെള്ളച്ചാൽ എന്ന പേര് വന്നത് എന്ന് പറയപ്പെടുന്നു.

പഴമയും പെരുമയും സമ്മേളിക്കുന്ന,ചരിത്രശേഷിപ്പുകൾ ഏറെയുള്ള ഈ നാട് പല കാലഘട്ടങ്ങളിലും ഭാരതത്തിന്റെ ചരിത്രത്തിൽ ഇടം നേടിയ സമരങ്ങളുടെ ഭാഗമായിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.മലബാർ കലാപത്തിൽ ഈ നാട്ടിൽ നിന്ന് നിരവധിപേർ പങ്കെടുത്തിട്ടുണ്ട്.

വെള്ളച്ചാലിൽ ഉള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള 'നരിമട'എന്ന ഗുഹ ചരിത്രാന്വേഷികൾക്കും സഞ്ചാരികൾക്കും ഏറെ കൗതുകവും അത്ഭുതവും നൽകുന്ന ഒന്നാണ്.പുരാതന കാലത്ത് നിർമ്മിക്കപ്പെട്ടതെന്ന് കരുതുന്ന ആരാധനാലയങ്ങൾ ഈ നാടിന്റെ സാംസ്ക്കാരിക പാരമ്പര്യത്തെ വിളമ്പരം ചെയ്യുന്നു.ഈ നാട്ടിലെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന മതസൗഹാർദ്ദം പ്രശംസനീയമാണ്.

സാമൂഹികമായും സാംസ്കാരികമായും ചരിത്രപരമായും ഏറെ സവിശേഷതകളുള്ള ഈ ഗ്രാമം ഇന്ന് വികസനത്തിന്റെ പാതയിലാണ്.ഈ വികസനത്തിന് ആക്കം കൂട്ടുന്നതിൽ ഞങ്ങളുടെ വിദ്യാലയവും സ്തുതർഹ്യമായ പങ്കുവഹിക്കുന്നുണ്ടെന്ന് അഭിമാനത്തോടെ ഓർക്കട്ടെ.

## കാഴ്ച

സന്ധ്യാസമയം ജനാലയ്ക്കരികിൽ എന്തോ ശബ്ദം കേൾക്കുന്നു അതൊരു തുമ്പിയായിരുന്നു രക്ഷപ്പെടാനുള്ള മാർഗം അന്വേഷിക്കയാണ്. മുറിയിലെ ലൈറ്റിന്റെ പ്രകാശം കണ്ട് കയറി വന്നതാണ്. തുമ്പിയുടേ പരാക്രമം കണ്ട് കണ്ട് കോളകിട്ടിയ സന്തോഷം ഉള്ളിലൊളിപ്പിച്ചു കൊണ്ട് ചുമരിൽ ഒരു വിരുതൻ ഇരിപ്പുണ്ടായിരുന്നു, ഒരു പല്ലി  അവൻ മെല്ലെ തുമ്പിയെ ലക്ഷ്യമാക്കി നീങ്ങി. ഞാൻ നോക്കി നിൽകെ പല്ലി തുമ്പിയുടെ ചിറകുകളടക്കം കടിച്ചു പിടിച്ചു മെല്ലെ മെല്ലെ അതിന് അനങ്ങാൻ പോലും സാധിക്കാത്ത വിധത്തിലാക്കി വിഴുങ്ങി. വയറു നിറഞ്ഞ ആഹ്ലാദത്തിൽ പല്ലി വേഗം പോയി ഒളിച്ചു.

(നമ്മുടെ ചുറ്റുപാടും ഇങ്ങനെയുള്ള ഇരപിടിയന്മാരാണ് നിറയെ അതിനാൽ സൂക്ഷിക്കുക)

അമർനാദ്.പി.ടി.



## സ്ഥാനം മാറിയാൽ

അസ്‌ല ടികെ

ഒരിക്കൽ ചാരുദത്തൻ എന്ന രാജാവ് വേഷം മാറി നാടുചുറ്റാനിറങ്ങി . പ്രജകൾക്കെല്ലാം തന്നെകുറിച്ചുള്ള അഭിപ്രായം അറിയാൻ വേണ്ടി പലയിടത്തും നടന്ന് അദ്ദേഹം ഒരു കുടിലിനടുത്തെത്തി . അപ്പോൾ അതിനകത്ത് നിന്ന് ആരോ പറയുന്നത് അദ്ദേഹം കേട്ടു. ശ്ശോ ചാരുദത്തനു പകരം രാജകൊട്ടാരത്തിൽ ജീവിക്കുന്നതു ഞാനായിരുന്നെങ്കിൽ... കുടിലിൽ എനിക്കു പകരം രാജാവും

രാജാവിനു ഇതു കേട്ടു കോപമാണു തോന്നിയത്. കൊട്ടാരത്തിൽ തിരിച്ചെത്തിയ അദ്ദേഹം ആ കുടിലിൽ താമസിക്കുന്ന ആളെ വിളിച്ചു വരുത്തി. ശാമു എന്ന ദരിദ്രനായിരുന്നു അയാൾ.രാജാവ് ഗൗരവത്തിൽ ചോദിച്ചു. താൻ നേരത്തെ കുടിലിരുന്ന് പറഞ്ഞതെല്ലാം ഞാൻ കേട്ടു. എന്തൊരു ധിക്കാരം,ങാ താൻ കൊട്ടാരത്തിലും പകരം നാം കുടിലിലും ആയിരുന്നെങ്കിൽ എന്ത് ചെയ്യുമായിരുന്നു.. ഭാവം?

അൽപം പേടിച്ചുകൊണ്ടാണെങ്കിലും ശാമു കൂസാതെ മറുപടി പറഞ്ഞു തിരുമേനി........... അങ്ങനെയാണെങ്കിൽ അടിയൻ ആദ്യം ചെയ്യുക അങ്ങയെ ആ കുടിലിൽ നിന്ന് ഇറക്കി കൊട്ടരത്തിലേക്കു കൊണ്ടു വരികയാവും

ശാമുവിന്റെ ബുദ്ധിശക്തി കണ്ട് രാജാവ് അത്ഭുതപെട്ടു പോയി.സ്വയം ആഡംബരത്തിൽ കഴിഞ്ഞാൽ പോര മറ്റുള്ളവരോട് ദയ കാട്ടുകയും കൂടി വേണം എന്ന് അദ്ദേഹം മനസ്സിലാക്കി



## समाज में नर-नारी पृथान समान

नारी और पुरुष समाज रुपि गाडि के दो पाहियें हो| बिना दुसारें का जिवन आधुरा हे कयोंकि समाज रुपि से चल सक्ति हे जब दिनिं पहिया सवसथ तथा सुदृढ हों |नमें से यादि भि पहिया दुरबल या दोषपुणृ हुआ तो समाजरुपि गाडि के विकास का करम रुक जायेगा| नारी यादि गुहस्थ जीवन कि पतवार है,तो पुरुष सका खोवैया |गुहसथी सुख शांति आनंद तथा सतथान दोनों पर ही आधारित हों|नहे कारणो से भरातीय समसकरिति में नारी को गुह लक्षमी ,गृह-देवि , सहधृमिणी आदि |कहा गया है

पुरातन युग मे नारिरी को शृदथ विशवास का रुप समझा जाता था | वह किसी भी कंषेतृ में|पुरुसह से पिछि नहीं थीं| कुज सतृीयां रणभूमि में जाकर भी आपने पतियोकों सहायता किया करती थी|पुशवी की सी क्षमता , सुये जैसे तेज, समुदृ की सी गमभीरता, चनदृमा,की सी शीतलता ,पवृतों कि सि शीतलता,पवृतों की सी मानसिकता आदी गुणें के कारण नारी घर के बाहर भी सम्मान की आधिकारणिनि थि|शकुनतला, सिता,आनसुया,आदि स्तिृयां |

पृणामम्

## കുടിനീര്

കുടിനീരില്ല  കുളനീരില്ല
കുടിക്കാനൊരുതുള്ളിവെള്ളമില്ല
കനാലില്ല കായലില്ല
കടലുവെള്ളം അതും ഉപ്പുവെള്ളം


മനുഷ്യനുമില്ല മൃഗങ്ങൾക്കുമില്ലി
മനസ്സിന്ക്കുളിരേക്കും കിളികൾക്കില്ല
മരങ്ങൾകുമില്ല മാനുകൾക്കില്ല
മാനത്തെ വെള്ളമോകിട്ടുന്നുമില്ല

പാറക്കടവിലും പാലത്തിൻചോട്ടിലും
തൊട്ടുനോക്കാൻ തുള്ളിവെള്ളമില്ല
കായലില്ല കുളത്തിലുമില്ല
ഉള്ളതാണേൽമൊത്തം മലിനജലം

ലോറിയിൽകൊണ്ട് വരുന്നുണ്ട്
പക്ഷലോലമനസ്സ് നിറന്നുമില്ല
ജലത്തിന് വേണ്ടികാത്ത് നിൽക്കുമ്പോൾ
ആകാശത്തൊരു കാർമേഘം

അശ്വിൻ.കെ.വി.




KERALA
BADUSHA 8 B



# ചക്കി കയറിയ പത്തായം

കേരളത്തിൽ പതിറ്റാണ്ടുകൾക്ക് മുൻപ് ജീവിച്ചിരുന്ന ഹാസ്യകവിയാണ് തോലൻ, ചേരമാൻ പെരുമാളുടെ സേവകനായിരുന്ന തോലൻ എന്ന് പലരും കരുതുന്ന തോല കവിയുടെ സർഗ്ഗ വൈഭവത്തിന്റെയും ഹാസ്യബോധത്തിന്റെയും തെളിവായി ധാരാളം കവിതകളും പ്രയോഗങ്ങളും ഇന്നും മലയാളഭാഷയിൽ നിലനിൽക്കുന്നുണ്ട്. അതിൽ ഒന്നാണ് പനസി ദശായം പാശി എന്നത്.

തോലന്റെ വീട്ടിലെ വേലക്കാരിയാണ് ചക്കി. പട്ടിണിയുടെ ഊക്ക് കാരണം ചക്കി മിക്ക ദിവസവും തോലന്റ വീട്ടലെ പത്തായത്തിൽ നിന്നും നെല്ല് മോഷ്ടിക്കുമായിരുന്നു.പക്ഷെ തെളിവില്ലാത്തതിനാൽ ചക്കിയെ പിടികൂടാൻ കഴിഞ്ഞില്ല . ഒരു ദിവസം തോലന് അമ്മ കഞ്ഞി വിളമ്പുകയായിരുന്നു . ആ നേരത്ത് ചക്കി പതുങ്ങി പത്തായത്തിനടുത്ത് പോകുന്നത് തോലൻ കണ്ടു ഉണ്ണുമ്പോൾ സംസകൃതത്തിലേ സംസാരിക്കാവൂഎന്നായിരുന്നു അക്കാലത്തെ ചട്ടം. തോലനാണെങ്കിൽ സംസകൃതം അത്ര വശമില്ലായിരുന്നു . തോലന് ഒരു വിദ്യ തോന്നി, അദ്ദേഹം അമ്മയോട് ഉറക്കെ പറഞ്ഞു .പനസി ഒശായം പാശി അമ്മക്കു കാര്യം മനസ്സിലായി ചക്കിയെ പിടികൂടി .



Saheel 9th A

## എവിടയൊ മറഞ്ഞ ഓർമ്മകൾ

എവിടയൊ മറന്നു പോയ
ഭാഗ്യ നിധിയായി എൻ അരികിലായി
വന്നു ചേർന്നു ഒരുനാൾ
ഭാഗ്യമായി എൻ ഹൃദയം
കവർന്ന ആത്മമിത്രമേ
നി എവിടയൊ മറഞ്ഞു എന്നിൽ
നിന്നും ദൂരെ.....
വിരഹത്താൽ നീറി നീറി
കഴിഞ്ഞ എൻ ഹൃദയം
കാതോർക്കുന്നു നിൻ സ്വരത്തിലായ്
കാത്തിരിപ്പായി എൻ ഹൃദയം
വിധിയാൽ എഴുതി എന്നിൽ
ഞാൻ നിറകണ്ണീരുമായി കാത്തിരിപ്പായി
നിനക്കായി........

ഫാത്തിമ ഫിദ.കെ.പി.







# എലിയും സിംഹവും

ഒരു സിംഹം മരത്തണലിൽ ഉറങ്ങുകയായുന്നു വളരെ ക്രൂരനും തന്റെ ശക്തിയിൽ അഹങ്കരിക്കുന്നവനുമായിരുന്നു ആ സിംഹം അന്നേരം അതു വഴി വന്ന എലി അവസരം മുതലെടുത്ത് സിംഹത്തിന്റെ തലയിലൂടെ നടന്നുപ്പോയി ഉടനെ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ് സിംഹം ദേഷ്യത്തോടെ എലിയെ പിടികൂടുകയും കൊല്ലുമെന്ന് ഭീക്ഷണി പെടുത്തുകയും ചെയ്തു പേടിച്ചുവിറച്ച എലി കരഞ്ഞു കൊണ്ട് തനിക്ക് മാപ്പുതരണമെന്ന് താഴ്മയോടെ അപേക്ഷിച്ചു എലിയുടെ കരച്ചിൽ കണ്ട് മനസ്സലിഞ്ഞ സിംഹം എലിയെ വെറുതെ വിട്ടു . അടുത്ത ദിവസം സിംഹം വേട്ടക്കാരൻ വിരിച്ച വലയിൽ കുടുങ്ങി. സഹായത്തിൻ ആരെങ്കിലും വരുമെന്ന് പ്രതീക്ഷിച്ച് സിംഹം വളരെ ഉച്ചത്തിൽ ഗർജ്ജിച്ചു ഇതു കേട്ട എലി ഓടിവന്നു സി0ഹരാജാവിനെ സമാധാനിപ്പിച്ചു . പക്ഷേസിംഹം എലിയുടെ സഹായത്തെ കൊച്ചാക്കികൊണ്ട് ചോദിച്ചു ,"നിന്നെപ്പോലെ ചെറിയവർക്ക് എന്നെ എങ്ങനെ സഹായിക്കാനാവും. ഉടനെ എലി തന്റെ മൂർച്ചയേറിയ പല്ലുകൊണ്ട് വല കടിച്ചു മുറിക്കാൻ തുടങ്ങി അൽപ്പ സമയത്തിനുശേഷം വല മുറിഞ്ഞ് സിംഹം സുരക്ഷിതനായിപുറത്തുവന്നു സിംഹം എലിക്ക് നന്ദി അറിയിച്ചു കൊണ്ട് പറഞ്ഞു;"എനിക്ക് കഴിയാത്ത ഈ കാര്യം നിന്നെപ്പോലെ ചെറിയ ജീവിക്ക് കഴിയുമെന്ന് ഞാനൊരിക്കലും വിചാരിച്ചില്ല."എലി ഗുണദോഷിച്ചു. അല്ലയോ മഹാരാജാവെ,താങ്കളെക്കാൾ ശക്തരല്ലാത്തവരെ നിസ്സാരൻമാരായി കാണരുത് എല്ലാവർക്കും അവരുടെതായ ഗുണങ്ങൾ ഉണ്ടാകും.


BADUSHA



# കണ്ണമ്മ

കണ്ണമ്മക്ക് കുപ്പിവളകൾ വളരെ അധികം ഇഷ്ട്മാണ്.കുപ്പിവളകൾ കിലുങ്ങിയുള്ള ശബ്ദ്ം കേൾക്കാൻ കണ്ണമ്മക്ക് വളരെ ഇഷ്ട്മാണ്. ഒരിക്കൽ അനാഥാലയത്തിലേക്ക് ഒരു അമ്മയും കുട്ടിയും വന്നു.ആ കുട്ടിയുടെ കൈയിലെ കുപ്പിവളകളുടെ നാദം കേട്ട് അവൾക്ക് ഭയങ്കരമായി ഇഷ്ടപ്പെട്ടു. ആ കുപ്പിവളകളുടെ ശബ്ദ്ം കേട്ടപ്പോൾ അവളുടെ മനസ്സിലുള്ള എല്ല സങ്കടങ്ങളും പോയി. ആ നാദം അവളെ വളരെ സന്തോഷിപ്പിച്ചു. ആ കുട്ടി കണ്ണമ്മയുടെ കൈയിൽ കുപ്പിവളകൾ ഇട്ടുകൊടുത്തു.ആ വളകളുടെ മണികിലുക്കം കൊണ്ട് അവളുടെ മനസ്സിലുള്ള മറ്റുള്ള ചിന്തകൾ എലാം മാഞ്ഞുപോയി.കഥയിലെ ഏറ്റവും നല്ല കഥാപാത്രമാണ് കണ്ണമ്മ

നന്ദന പി.പി
൭.ബി



## പൊൻവിളക്ക്

പുലർകാലവേളയിൽ പൂർവ്വ ദിക്കിൽ
പൊൻപ്രഭതൂകുന്ന പൊൻവിളക്ക്
ആയിരം തിരിയിട്ട പൊൻവിളക്ക്
പകലന്തിയോളമെരിഞ്ഞുകത്തി
അന്തിക്കു പശ്ചിമ ദിക്കിലെത്തി
ആഴകടലിലേക്കൂളിയിട്ടു
പിറ്റേന്നു നേരം വെളുക്കുന്നേരം
നീരാടിയെത്തുന്ന പൊൻവിളക്ക്
വീണ്ടും കിഴക്കാ മലമുകളിൽ
പൊൻതൂകി തിളങ്ങി നിൽപ്പൂ



## കവിയും കവിതയും

എൻ.എൻ.കക്കാടിന്റെ വിഷാദവും പ്രത്യാശയും ഉണർത്തുന്ന പ്രശസ്തമായ കവിതയാണ് സഫലമീയാത്ര.കവിതയിലെ നായികയാണ് കവിയുടെ സഹധർമണി ശ്രീദേവി കക്കാട്.നമുക്ക് പരസ്പരം ഊന്നുവടികളാകാം എന്നു പറഞ്ഞ വാക്കു ഫലിക്കാതെ കടന്നു പോയി.ശ്രീദേവി കക്കാടിന്റെ ഉള്ളിൽ കവിയും ആ കവിതയും നിറഞ്ഞ ചൈതന്യത്തോടെ ഇന്നും നിലക്കൊള്ളുന്നു.

സഫലമീയാത്ര പിറന്നിട്ട് വർഷങ്ങൾ പിന്നിടുന്നു.കക്കാട് എന്ന കവിയുടെ പേര് അപൂർണ്ണമാക്കിയ കവിത.ക്യാൻസർ രോഗം തൊണ്ടയിൽ പ്രത്യക്ഷപ്പെട്ട് വേദനയുടെ കൈപ്പുനീർ കുടിച്ചിറക്കുമ്പോഴും കവിയുടെ രോഗത്തെ വൈദ്യശാസ്ത്രം തിരിച്ചറിഞ്ഞിരുന്നില്ല.എന്നാൽ അർബുദത്തിന്റെ വിത്തുകൾ തന്റെ ശരീരത്തിൽ വളരാൻ തുടങ്ങിയത് കവി അറിഞ്ഞു. സഹിക്കനാവാത്ത വേദനയ്ക്കിടയിലും ജീവിതം മധുരമാവുമെന്ന് കൊതിച്ചു.ജീവിതയാത്ര സഫലമാണെന്ന് വീണ്ടും വീണ്ടും ഓർമപ്പെടുത്തി.

ആരോഗ്യം ക്ഷയിച്ച ശരീരത്തിൽ താങ്ങാകാൻ കവി ക്ഷണിച്ചയാൾ.സഫലമീയാത്രയിലെ നായിക ശ്രീദേവി കക്കാട് കോഴിക്കോട്ടെ വീട്ടിൽ കവി അവശേഷിപ്പിച്ച ഓർമകളിൽ കഴിയുന്നു . സഫലമീയാത്രയുടെ പിറവി ശ്രീദേവിയെ അത്ഭുതപ്പെടുത്തിയിരുന്നു.കവിയുടെ രോഗം വീട്ടുകാർക്കും അജ്ഞാതമായിരുന്നു.അനവസരത്തിൽ എന്തുകൊണ്ട് ഇങ്ങനെയൊരു കവിത എന്ന് പോലും ചിന്തിക്കാതിരുന്നില്ല."ഡോക്ടർമാർ രോഗം കണ്ടുപിടിക്കുക,നമ്മൾ അതിന് തെറ്റാതെ മരുന്നു കഴിക്കുക.ചിട്ടകളിൽ പഥ്യം ചെയ്യുക.എന്നിട്ടും മാറുന്നില്ലെങ്കിൽ അത് മാറാരോഗമാണെന്ന് വിചാരിക്കണം".എന്ന് എൻ.എൻ.കക്കാട് പറയുമായിരുന്നെന്ന് ഭാര്യ ശ്രീദേവി കക്കാട് പറയുന്നു.

വേദന പിടിച്ചൊതുക്കി ഒരു രാത്രികൊണ്ടാണ് സഫലമീയാത്ര കവിയെഴുതിയത്.പിറ്റേന്ന് കവിത കണ്ടു.പിന്നെയും പിന്നെയും വെട്ടിതിരുത്തലുകൾ. 1982-ൽ സഫലമീയാത്ര പ്രസിദ്ധീകരിച്ചു.ഇതിനിടെ രോഗം തിരിച്ചറിയുന്നു.ഭാര്യയും ബന്ധുക്കളുമൊക്കെ മാനസികമായി തകർന്നപ്പോഴും കവി അക്ഷോഭ്യനായിരുന്നു.

"വലിയൊരു ശത്രുവിനോട് യുദ്ധം ചെയ്ത് എന്റെ ശക്തിയെല്ലാം പോയി"എന്ന് കവി പറയുന്നുണ്ടായിരുന്നെന്നും ഭാര്യ പറയുന്നു.1955-ലാണ് ശ്രീദേവി എൻ. എൻ. കക്കാടിന്റെ ജീവിതത്തിലേയ്ക്ക് കടന്നു വരുന്നത്.പാലക്കാട് ചെർപ്പുളശ്ശേരി സ്വദേശി ശ്രീദേവിക്ക് കക്കാട് എന്ന കവിയെ കുറിച്ച് വലിയ അറിവുണ്ടായിരുന്നില്ല. എന്നാൽ ആ കാവ്യ ജീവിതത്തിലേയ്ക്ക് Intel mediate കാരിയായ ശ്രീദേവിയ്ക്ക് കടന്നു ചെല്ലാൻ അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല.സമൂഹത്തെ തിരുത്തൽ മനോഭാവത്തോടെ കണ്ട കവിക്ക് രാഷ്ട്രീയം ഉണ്ടായിരുന്നെന്ന് ശ്രീദേവി കക്കാട് പറയുന്നു.ഇന്ത്യ ചൈന യുദ്ധത്തിൽ ചൈനയെ തുണച്ചുവെന്നാരോപിച്ച് ചൈനാചാരൻ എന്ന ആരോപണവും കവിക്ക് കേൾക്കേണ്ടിവന്നു.ഇത് മനസ്സിലൊരു വിങ്ങലായി വന്നിട്ടാണ് 1963 എന്ന കവിത രചിച്ചത്.

മലയാള കവിതയിൽ ആധുനികതയുടെ പാത വെട്ടി അതിലൂടെ സഞ്ചരിച്ച കൃതികളൊന്നും ആദ്യം അംഗീകരിച്ചിരുന്നില്ല.ദുർഗഹ കവിതകളെന്നും Aproach load ഇല്ലാത്ത പാലമെന്നൊക്കെയുള്ള വിമർശനങ്ങളൊക്കെ നിലനില്ക്കുകയാണ് കാവ്യ ഗുണ സമ്പന്നമായ സഫലമീയാത്ര പിറവിയെടുത്തത്. സഫലമീയാത്ര കക്കാടിന്റെ അവസാനത്തെ കവിതയല്ല.പിന്നെയും ആ കൈകളിൽ പേനയെത്തി. അഗ്നിരഥം എന്ന കവിതയിലൂടെ ആ കാവ്യ വസന്തത്തിന് അവസാനമായി.58-ാം വയസ്സിൽ ജീവിതത്തെ സ്നേഹിച്ചു കൊതി തീരാതെ അദ്ദേഹം വിട പറഞ്ഞു.

മഹർബ തെസ്നി.M.T
9B



# ആത്മമിത്രം

ഒരിളം തെന്നലായ് തഴുകിയെൻ
ഹൃദയത്തിലാ ഹൃദയം
ഞാനറിയാതെന്നെയറിഞ്ഞ
എൻ ആത്മാവിൻ  പ്രതിബിംബം

ഇരുളിലെ  നിഴലായ്
മഴയിലെൻ തുണയായ്
വെയിലിലെൻ തണലായ്
എന്നുമെൻ സഹചാരിയായ് കൂടെ


ഗാനങ്ങളിൽ താളമായ്
നിത്യമെൻ ചിത്തമായ് ചാരെ
ജീവിതമാം ആനന്ദ നദിയിൽ
വഴി അറിയാത്ത എന്നെ
സത്യമാം ജയ മാർഗത്തിൽ കൊണ്ടാ-
ക്കിയ മാലാഖയോ?  അവളെൻ ആത്മ സുഹൃത്ത്.

Semeela 9F

# പ്രകൃതിയിലെ ഗണിതം

## കനക ചതുരങ്ങൾ(Golden Rectangles)




ചിത്രത്തിലെ ചതുരം ABCD യ്ക്ക് ഒരുപ്രത്യേകതയുണ്ട്. എന്താണെന്നല്ലെ? അത് ഉൾക്കൊള്ളുന്ന ഏറ്റവും വലിയ സമചതുരം മാറ്റിയാൽ ശേഷിക്കുന്ന ചതുരത്തിന്റെ നീളവും വീതിയും ABCD യുടെ നീളവും വീതിയും തമ്മിലുള്ള അംശബന്ധത്തിലായിരിക്കും.ശേഷിക്കുന്ന ചതുരത്തിനും ഇതേ പ്രത്യേകതയുണ്ട്. ഈ മുറിച്ചു മാറ്റൽ തുടർന്ന് കൊണ്ടിരുന്നാൽ ചതുരം ചെറുതായി കൊണ്ടിരിക്കും.പക്ഷെ അംശബന്ധംസ്ഥിരമായിരിക്കും. ഈ പ്രത്യേകതയുള്ള ചതുരങ്ങളെ കനക ചതുരങ്ങൾ എന്നാണ് വിളിക്കുക. ഇത്തരം ഒരു ദീർഘചതുരത്തിന്റെ രണ്ട് വശങ്ങളും തമ്മിലുള്ള അനുപാത 1:1:618 ആയിരിക്കും. ഇതാണ് കനകാനുപാതം എന്ന പേരിൽ അറിയപ്പെടുന്നത്. ഇതും ഫിബൊനാച്ചിസംഖ്യകളുമായി ബന്ധപ്പെട്ടതാണ്ഫിബൊനാച്ചി ശ്രേണിയിലെ 3 ന് ശേഷമുള്ള തൊട്ടടുത്തുള്ള ഏതൊരു സംഖ്യയും തമ്മിലുള്ള അനുപാതമാണിത്.

## പ്രകൃതിയിലെ ഫിബൊനാച്ചി ശ്രേണികൾ

ഫിബൊനാച്ചി ശ്രേണിക്ക് പ്രകൃതിയിലെ അനേകം പ്രതിഭാസങ്ങളുമായി ബന്ധമുണ്ട്. മിക്കവാറും പൂക്കളിൽ ഇതളുകളുടെ എണ്ണം ഫിബൊനാച്ചി ശ്രേണിയിലെ സംഖ്യകളാണ്. സൂര്യകാന്തിപ്പൂവിന്റെ പുഷ്പങ്ങളുടെ വിന്യാസവും കൈതച്ചക്കയുടെ പുറത്തെമുള്ളുകളുടെ വിന്യാസവും ചെടികളിലെ ഇലകളുടെ ക്രമീകരണം ഈ ശ്രേണിയുമായി ബന്ധപ്പെട്ടിരിക്കുന്നു. [ ശേഷം പേജ്30







താഴെ രേഖചിത്രം നോക്കൂ.പൂവിന്റെ നടുവിൽ പുഷ്പങ്ങളുടെ വിന്യാസത്തിൽ രണ്ടുതരത്തിലുള്ള സർപ്പിളങ്ങൾ കാണാം.ഒന്ന് ഘടികാര സൂചി കറങ്ങുന്ന ദിശയിലും മറ്റേത് എതിർ ദിശയിലും.എണ്ണി നോക്കിയാൽ ഒരു ദിശയിലുള്ളത് 20 ഉം മറ്റേത് 34 ഉം ആണന്ന് കാണാം.21:34 എന്ന് ശ്രേണിയിലെ തൊട്ടടുത്തുള്ള രണ്ട് സംഖ്യകൾ ആണല്ലോ



## സിന്ധു നദിയുടെ ജ്യാമിതി

ക്രിസ്തുവിന് ഏതാണ്ട് 3000 കൊല്ലങ്ങൾക്കു മുമ്പ് സിന്ധു നദിയുടെ തീരത്ത് കൃഷിയിൽ അധിഷ്ഠിതമായ ഒരു സംസ്കാരം നിലവിലുണ്ടായിരുന്നു. ഇവിടെ നിന്ന് പല ലിഖിതങ്ങളും കണ്ടെടുത്തിട്ടുണ്ടെങ്കിലും അതിലെ ലിപി വായിച്ചെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എങ്കിലും ഭംഗിയായി ആസൂത്രണം ചെയ്ത വീടുകളും പട്ടണങ്ങളുമെല്ലാം നിർമ്മിച്ച ഈ ജനങ്ങൾക്ക് ജ്യാമിതീയ രൂപങ്ങളെക്കുറിച്ചും ധാരണയുണ്ടായിരുന്നു എന്ന് കരുതാവുന്നതാണ്. ഇഷ്ടിക നിർമ്മാണത്തിൽ വിശേഷ വൈദ്ധ്യം നേടിയവരായിരുന്നു.ഇവർ ഇവിടെ നിന്ന് കിട്ടിയ ഇഷ്ടികകൾ പല വലുപ്പത്തിലുള്ളവയാണെങ്കിലും അവയുടെയെല്ലാം നീളവും വീതിയും ഉയരവും തമ്മിലുള്ള അംശബന്ധം 4:2:1 ആണ്.ഏറ്റവും ഉറപ്പുള്ള ഇഷ്ടികകൾക്ക് ഇന്നും ഏതാണ്ട് ഇതേ അംശബന്ധം തന്നെയാണ് ഉപയോഗിക്കുന്നത്.











## ചാറ്റൽ മഴ

ഒരു ചാറ്റൽ മഴയിൽ
നീ സമ്മാനിച്ച കുടയുടെ പാതിയിൽ.........
ഞാനെന്നെ പ്രതിഷ്ഠിച്ചപ്പോൾ
ഞാനും നീയും എന്നത്
നമ്മളെന്നായി വളർന്നു
ബന്ധമെന്ന കനത്ത കാറ്റിൽ
കുട പറന്നു പോയപ്പോൾ
നമ്മൾ ഞാനും നീയും
മായി  നനഞ്ഞു.......

അന്സ ജെബിൻ
9B



## പാൽപുഞ്ചിരി

എന്റെ കൺകോണിലൊളിപ്പിച്ച കണ്ണുനീരിന്
നിന്റെ പുഞ്ചിരിയുടെ സ്നേഹമുണ്ടായിരുന്നോ?
എന്റെ ചുണ്ടുകളിൽ നിറഞ്ഞിരുന്ന
നിഗൂഢ മന്ദസ്മിതത്തിന്
നിന്റെ ശബ്ദത്തിൻ മാധുര്യമുണ്ടായിരുന്നോ?
ഞാൻ കാലിടറിവീണ വഴിത്താരയിലൊക്കെയും
നിന്റെ കരങ്ങൾ എനിക്കു താങ്ങായിരുന്നോ?
ഓർമ്മകൾ വളപ്പൊട്ടുകളായി ചിതറിവീണൊരീ
മൺപാതയിലെന്നെ തനിച്ചാക്കിയതും
ഇന്നെന്റെനിദ്രയ്ക്കു കാവലാകുന്നതും
നീതന്നനിറമുള്ള സ്വപ്നങ്ങൾ മാത്രമല്ലോ?
അറിയില്ല എനിക്കൊന്നുമറിയില്ല
പൊയ്പ്പോയ വഴികളിൽ എനിക്കായി-
വസന്തങ്ങൾ പൂവിട്ടിരുന്നുവോ
എൻ കണ്ണീരിൻ ഉപ്പുരസത്തെ
സ്നേഹമായി പകർന്നു നൽകുമ്പോൾ
എന്തെന്നറിയാതെ രണ്ടിളം കൈകൾ
എന്റെ കൈയ്യിൽ മുറുകെ പിടിക്കുന്നു
ആ മാത്രയിലെൻ മിഴിത്താരയിലെവിടെയോ?
പാൽപുഞ്ചിരികൾ മിന്നിമറഞ്ഞുവോ?
എന്റെ കണ്ണിൽ നിന്നടർന്നുവീഴുന്ന
കണ്ണീർമുത്തുകളെ പാൽപുഞ്ചിരിയിലൊപ്പിയതും
എന്റെ വഴിത്താരയിൽ സ്നേഹനിശ്വാസമേകിയതും
എന്റെ ചിന്തയ്ക്ക്ഊർജ്ജം പകർന്നതും
ചിരിക്കാൻ മറന്നൊരീമുഖങ്ങൾക്കിടയിൽ..........
ചിരിക്കാൻ മാത്രമറിയുന്ന..........ചിരിക്കാൻ മാത്രമറിയുന്ന
ഈ കുഞ്ഞുമുഖങ്ങൾ മാത്രമല്ല

sreenandha 9th B





## അതിമോഹം

ഒരിടത്ത് കിട്ടൻ എന്നൊരു കുറുക്കൻ ഉണ്ടായിരുന്നു.വലിയ അത്യാഗ്രഹിയായിരുന്നു അവൻ.ഒരു ദിവസം കിട്ടൻ കുറുക്കൻ ഒരൊറ്റ ഇരയെ പോലും കിട്ടിയില്ല.രാത്രി ആയപ്പോൾ വിശപ്പ് സഹിക്കാതായി.പെട്ടന്നന്ന് കിട്ടൻ അടുത്തുള്ള ഒരു ക്യാരറ്റ് തൊട്ടത്തിൻെറ കാര്യം ഓർമ്മ വന്നത്.

കിട്ടൻ കുറുക്കൻ ഒരു ചാക്കുമായി ക്യാരറ്റ് തോട്ടത്തിലേക്ക് നടന്നു. ചുറ്റും ഇരുട്ടാണ്.നിലാവിൻെറ മങ്ങിയ വെളിച്ചം മാത്രമെയോള്ളൂ.ഇരുട്ടിലൂടെ തപ്പി തടഞ്ഞു കിട്ടൻ കുറുക്കൻ കാരറ്റുകൾ പറിച്ചു ചാക്കിലാക്കാൻ തുടങ്ങി. വേണ്ടത്ര ആയപ്പോൾ അവൻ തിരിച്ചു നടക്കാൻ തുടങ്ങി.അപ്പോൾ വെളുത്ത എന്തോ ഒന്ന് നിലത്തു കിടക്കുന്നത് മങ്ങിയ വെളിച്ചത്തിൽ കിട്ടൻ കണ്ടു.ഒരു സഞ്ചി പോലുണ്ട്.അതോടെ കിട്ടൻ അത്യാഗ്രഹമായി മാറി തോട്ടത്തിൻെറ ഉടമസ്ഥൻ സഞ്ചി നിറയെ ക്യാരറ്റു പറിച്ച് വെച്ചതായിരിക്കണം. എന്തായാലും അവൻ ആ വെളുത്ത സാധനം എടുത്തു ചാക്കിലാക്കി. എന്നിട്ട് ഒറ്റ ഓട്ടം, വളരെ ദൂരെ എത്തി അവൻ അത് കെട്ട് അയച്ചു നോക്കി അപ്പോൾ അതിൽ നിന്ന് ഒരു മുയൽ പുറത്ത് ചാടി എന്നിട്ട് മുയൽ പറഞ്ഞു-ഏയ് കുറുക്കൻ ചേട്ട....എന്നെ ഈ ചാക്കിനകത്ത് പിടിച്ചിട്ടതിന് നന്ദി.

ചാക്കിലെ കാരറ്റ് എല്ലാം ഞാൻ അകത്താക്കി....നല്ല സ്വദ് ഉണ്ടായിരുന്നു കേട്ടോ...ഹ..ഹ...പിന്നെ മുയൽ ഒറ്റ ഓട്ടം

വളരെ ദൂരം ഓടിതളർന്ന്.കിട്ടൻ കുറുക്കൻ ഉണ്ടോ അതിനെ പിടിക്കാൻ പറ്റുന്നേ..ഉറങ്ങി കിടന്ന ഒരു മുയലിനെ കണ്ടിട്ടാണ് താൻ സഞ്ചിയാണന്ന് കരുതിയത് എന്ന് അപ്പോയാണ് കിട്ടൻ മുയലിന്

*മനസ്സിലായത്* അവൻ ചാക്ക് എടുത്ത് നോക്കി. അതിൽ ഒരു കഷണം പോലും കാരറ്റ് ഇല്ലായിരുന്നു.എല്ലാം ആ മുയൽ അകത്താക്കി.കിട്ടൻ കുറുക്കൻ സങ്കടം സഹിച്ചില്ല അത്യാഗ്രഹമാണ് ഈ കുഴപ്പത്തിന് കാരണം. ആദ്യം കിട്ടിയ കാരറ്റ് തന്നെ മതി എന്നു വച്ചിരുന്നങ്കിൽ ഇപ്പോൾ സുഖമായി വയർ നിറക്കാമായിരുന്നു......

മുഹമ്മദ് തബ്ഷീർ. 9k



## കേരളത്തിലെ ഗണിത അതുല്യ പ്രതിഭകൾ

### ഹരിദത്തൻ

ഇദ്ദേഹത്തിന്റെജീവിതകാലംഏഴാംജ്ഞാതകത്തിലായിരുന്നു.ആര്യഭട-സിദ്ധാന്തങ്ങളും ജ്യോതിർ നിരീക്ഷണങ്ങളും തമ്മിലുള്ള പൊരുത്തക്കേടു-കൾ സൈദ്ധാന്തികമായി ഇദ്ദേഹം പരിഹരിച്ചു. ഈ പരിഷ്കാരമാവട്ടെ പരിഹിതം എന്ന പേരിൽ ഒരു പുതിയ ഗണിത പദ്ധതിയായി അംഗീകരിക്കപ്പെട്ടു.ഇന്ന് ലൈഭ്യമായ ഇദ്ദേഹത്തിന്റെ ഗ്രന്ഥമാണ് ഗ്രഹവിചാര നിബന്ധനം.

### ഗോവിന്ദ ഭട്ടത്തിരി

എ.ഡി.1237-1295 ആണ് ഇദ്ദേഹത്തിന്റെ കാലഘട്ടം. ഗണിതത്തിലും ജ്യോതി ശാസ്ത്രത്തിലും അഗാധമായ പാണ്ഡിത്യം ഇദ്ദേഹത്തിനുണ്ടായിരുന്നു.

### കേരളിയ ഗണിതം

കേരളീയ ഗണിതം ചരിത്രത്തിനു നല്കിയ സംഭാവനകൾ വളരെയേറെയാണ്.14 മുതൽ 18 വരെ നൂറ്റാണ്ടുകളിൽ ഭാരത്തിൽ നിന്നിരുന്ന ഗണിത പാരമ്പര്യത്തിന്റെ പ്രധാന കേന്ദ്രം കേരളമായിരുന്നു.

ശതകത്തനെത്തുടർന്ന് ഏകദേശം 700 വർഷക്കാലം മങ്ങിനിന്ന ശേഷമാണ് ഈ ഉയർത്തെഴുന്നേൽപ്.പാശ്ചാത്യ രാജ്യങ്ങളിൽ കണ്ടുപിടിക്കപ്പെട്ട കലന ശാസ്ത്രത്തിന്റെയും (calculus) അനന്ത ശ്രേണിയുടെയും (infinite series) ആശയത്തിനു തുടക്കമിട്ടത് നിളയുടെ ഇരുപുറവുമായി കിടക്കുന്ന ഒരു ചെറിയ പ്രദേശത്തിലായിരുന്നു.

## സംഗ്രാമ മാധവൻ

എ.ഡി.1340-1425 ആണ് ജീവിത കാലം.സംഗ്രമഗ്രാമ മാധാവാണ് കേരളീയ ഗണിതത്തിൽ അനന്തം എന്ന ആശയം അവതരിപ്പിച്ചത്. അപരിമിത ശ്രേണികൾ മുഖേന സമവൃത്തത്തിന്റെ പരിധി കണക്കാക്കുവാനുള്ള വഴി ആവിഷ്കരിച്ചു. ഇദ്ദേഹത്തിന്റെ പ്രധാനപ്പെട്ട 2 ഗ്രന്ഥങ്ങൾ വേന്യാരോഹം,സ്ഫുട ചന്ദ്രാബ്ധി എന്നിവയാണ്.തിഥിയും നക്ഷത്രവും പിശികില്ലാതെ ഗണിയ്ക്കുന്നതിന് വേണ്ടി ഉപയോഗിച്ചിരുന്ന ഗ്രന്ഥങ്ങളാണിവ.ഗോള ഗണിതത്തിൽ പ്രമാണികനായിരുന്ന ഇദ്ദേഹംത്തിന്റെ ഗോളവിദ് എന്ന ബിരുദപ്പേര് നൽകി ആദരിച്ചിരുന്നത്.

## നീലകണ്ഠ സോമയാജി

തിരൂരിനടുത്താണ് ഇദ്ദേഹത്തിന്റെ ജനനം.ആര്യഭടീയ പദങ്ങളെ ആധാരപ്പെടുത്തി അന്നോളം കേരളത്തിൽ ലഭ്യമായിരുന്ന എല്ലാ ഗണിത സിദ്ധാന്തങ്ങളും ഉൾക്കൊള്ളിച്ച് ഒരു സ്വതന്ത്ര ഗ്രന്ഥം നിർമ്മിച്ചു.പ്രധാന ഗ്രന്ഥങ്ങൾ :- ആര്യഭടീയ ഭാഷ്യം,തന്ത്ര സംഗ്രഹം,സിദ്ധാന്ത ദർപ്പനം, ഗോളസാരം,ചന്ദ്രഛായാ ഗണിതം,ഗ്രഹ നിർണ്ണയം ഇവയാണ്.

## വടശ്ശേരി പരമേശ്വരൻ

എ.ഡി.1360-1460-ൽ ആണ് ജീവിച്ചിരുന്നത്. എഴുത്തുകാരൻ,വ്യാഖ്യാതാവ്,ജ്യോതി നിരീക്ഷകൻ, അദ്ധ്യാപകൻ,എന്നീ നിലകളിൽ ഇദ്ദേഹം പ്രകൽപൻ ആയിരുന്നു.കൃത്യത ഇദ്ദേഹത്തിന്റെ മുഖമുദ്രയാണ്. സ്വന്തം സ്ഥലം വെളിപ്പെടുത്തുമ്പോൾ ആസ്ഥലത്തെ അക്ഷാംശരേഖാംശങ്ങൾ കൂടി ഇദ്ദേഹം സൂചിപ്പിച്ചിരുന്നു.ഈ കൃത്യത പരിഹിതം പരിഷ്കരിച്ച് ദൃഗ്ഗണിത പദ്ധതി ആവിഷ്കരിക്കുന്നതിലേക്ക് നയിച്ചു.നിരവധി ഗ്രന്ഥങ്ങളിൽ പ്രാനപ്പെട്ടവ ദൃഗ്ഗണിത

# ജ്യേഷ്ഠ ദേവൻ


നീലകണ്ഠ സോമയാജിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് അദ്ദേഹത്തിന്റെ ഒരു സമകാലീനനായിരുന്നു ജ്യേഷ്ഠ ദേവൻ . അക്കാലത്ത് പ്രചാരത്തിൽ ഉണ്ടായിരുന്നു ഗ്രന്ഥങ്ങളെല്ലാം പഠിച്ച് അവയിലെ സിദ്ധാന്ത ങ്ങൾ സ്വന്തം ധിഷണാ ശക്തിയുപയോഗിച്ച് തേച്ചു മിനുക്കലുകൾ നടത്തി മാതൃഭാഷയിൽ സാങ്കേതിക വിദ്യ പകരാനാവും എന്ന് തെളിയിക്കുകയാണ് അദ്ദേഹം ചെയ്തത് . ഇദ്ദേഹം പൈതഗോറസ് സിദ്ധാന്തം ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു "ഭുജ വർഗ്ഗവും കോടി വർഗ്ഗംവും കൂട്ടിയാൽ കർണ്ണവർഗ്ഗമാകും " . പരങ്ങോട്ട് നമ്പൂതിരി എന്ന പേരിലും ഇദ്ദേഹം അറിയപ്പെടുന്നു . 1639 ൽ ആണ് യുക്തി ഭാഷയുടെ രചനകാലം എന്ന് വിശ്വസിക്കുന്നു.



## മഴ

മഴയോട് പറയാം മെല്ലെ
മധുരമായി പറയാം മെല്ലെ
മധുവൂറും പുഷ്പങ്ങളറിയാതെ

ആർദ്രമാം മനസ്സിന്റെ
അനുരാഗ നൊമ്പരം
ഉരിയാടാൻ വന്നപ്പോൾ
അലപോലെ നീയെത്തി
ആരാരും കേൾക്കാതെ
ആരാരും അറിയാതെ
അറിയാതെ ഞാനോതി
ഞാൻ നിന്റെതാണെന്ന്



## പ്രകൃതിയോട്...

കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക് പ്രകൃതിയേ നോവിക്കാനാകും. പ്രകൃതിയെന്നമ്മയെ കൊന്നുകളയുന്ന മക്കളാണിക്കാലഘട്ടം ബിൽഡിങ്ങും ഫ്ളാറ്റും ഉണ്ടാക്കി മക്കൾ അന്നം നശിപ്പിക്കും . സ്വന്തം വഞ്ചിച്ചും പറ്റിച്ചും കൊന്നും കൊടുത്തും മക്കളുണ്ടാക്കി സമ്പത്ത് സ്വന്തം വിയർപ്പിനേക്കാൾ സുഗന്ധമുണ്ട്. മറ്റുള്ള ചോരയിൽ നിന്ന് താനൊരു വൃക്ഷം വെട്ടിനശിപ്പിച്ചാൽ നാട്ടിലെങ്ങുമഭിമാനം ഞാനൊരു കർഷകൻ അല്ലങ്കിൽ അധ്വാനി എന്നു പറഞ്ഞു നടന്നാൽ തന്നിൽ തോന്നുന്നു ലജ്ജ....
മനുഷ്യരിൽ നിന്ന് മനുഷ്യത്വത്തിന്റെ തുള്ളി പോലുമില്ല ഇന്ന്.

ദിൽഫ.കെ
10.A



## പ്രളയം

ഓ...മനുഷ്യാ നീയറിഞ്ഞില്ലയോ?
കാലത്തിൻ മാറ്റവും
മാതാവിൻ തൻ കോപവും
പൃഥ്വിയിൽ ശിരസ്സുയർത്തി മലയും
കൊലുസിൻ നാദം തീർത്ത നദിയും
ഘോരവനത്തിൽ തുള്ളിക്കളിക്കും അരുവിയും
അഹങ്കാരമായിരുന്നടിയെന്റെ-
ഒന്നൊന്നായ് കോപത്താൽ താണ്ഡവമാടിയില്ലയോ...
ജീവൻ പൊലിഞ്ഞ ചിലർ
ജീവനായ് കൈയുയർത്തിയ മറ്റു ചിലർ
മൃതുക് ചവിട്ടു പടിയായ് നൽകിയ മനസ്സിന-
ന്നൊരു പാഠമാണ്.......
വർഗ്ഗത്തെ മറന്ന വർഗ്ഗീയവാദികൾ....
ജാതിമതഭേദമന്യേ
നാഥനിൽ കൈയുയർത്താൻ
തുറന്നില്ലയോ ഓരോ കവാടവും.....
ഒരു മനസ്സായ് ചങ്കുറപ്പോടെ
ഉയർന്നെഴുന്നേറ്റുമീ കേരളം
ഐക്യത്തോടെ ജീവിച്ചു തീർക്കുമി-
നിയുള്ള കാലം.
ശുഭം!

റിഷാന ഫെബിൻ.ടി.കെ.








ബഹു. താനൂർ എം.എൽ.എ സ്കൂളിന് സമർപ്പിച്ച ജൈവവൈവിധ്യപ്പാർക്ക്

## പീറ്റർ ഡയമണ്ട്

ഏറ്റവും പ്രഗൽഭരായ സാമ്പത്തിക ശാസ്ത്രജ്ഞരിൽ ഒരാളായിരുന്ന പീറ്റർ ഡയമണ്ട്.2010 സാമ്പത്തിക ശാസ്ത്രജ്ഞരിൽ നോബേൽ സമ്മാനം പീറ്റർ ഡയമണ്ട് അടക്കം മൂന്ന് പേർക്ക് പങ്കുവച്ചു.1940 ഏപ്രിൽ 29 നാണ് പീറ്റർ ജനിച്ചത്.1968 ൽ പീറ്റർ ഡയമണ്ട് ഇക്കോണോമെട്രിക് സൊസൈറ്റിയിൽ തലവനായി.1964 മുതൽ ചുരുങ്ങിയ കാലം യൂണിവേഴ്സിറ്റിയിലും 1966 മുതൽ മാസ്സച്ചുസറ്റസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ അദ്ധ്യാപകനായി .പ്രശസ്ത മഹാ നോവലിസ്റ്റ് മെമ്മോറിയൽ അവാർഡ് അദ്ദേഹത്തിനായിരുന്നു.1994 നമ്മീറ റോയൽ അവാർഡും നേടിയതോടെ ആ പ്രഭാശാലി അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയനായി."സോഷ്യൽ സെക്ക്യൂരിറ്റി" എന്ന കൃതി പീറ്റർ ഡയമണ്ട് റേസാംഗ്രമായി ചേർന്ന് കൊണ്ട് എഴുതിയതാണ്.സേവിംഗ് സോഷ്യൽ സെക്ക്യൂരിറ്റി മറ്റൊരു ഗ്രന്ഥമാണ്.അമേരിക്കൻ ചൈനീസ് സമ്പത്ത് വ്യവസ്ഥയെ കുറിച്ച് ഏറെ പഠനങ്ങൾ നടത്തിയിട്ടുണ്ട്.മിർലീസ് എന്ന ശാസ്ത്രജ്ഞനോട് ചേർന്ന് രചിച്ച ഗ്രന്ഥമാണ് "ഡയമണ്ട് മിർലീസ് ". അമേരിക്കൻ റിസർവ് ബാങ്കിന്റെ ബോർഡിലേക്ക് നാമനിർദേശം ചെയ്തു എന്നാൽ സെനറ്റ് അത് തള്ളി.അത് അവർക്കിടയിൽ ചരിത്ര വിഷയമായി.ഇപ്പോഴത്തെ ഫെഡറൽ ബോർഡിന്റെ ചെയർമാൻ സ്ഥാനാർത്തിയായി വീണ്ടും നാമനിർദേശം ചെയ്തിട്ടുണ്ട്.ഉറക്കത്തിലും അദ്ദേഹം ധാരാളം സെമിനാറിൽപങ്കെടുക്കാറുണ്ട്.ഏകദേശം പകുതിയിലേറെ സെമിനാറുകളിലും ഉറക്കത്തിലായിരുന്നു.ഫ്രീക്ക് ഇകണോമിക്സ് എന്ന ഗ്രന്ഥം ഉറക്കത്തിൽ ചിന്തിക്കുന്ന ഡയമണ്ടിനെ കുറിച്ച് സ്റ്റീവ് ലിവർ എഴുതിയതാണ്.

മുഹമ്മദ് സ്വാലിഹ്.എ.

## കിളിവാലൻ

പണ്ടൊരു കൃഷിക്കാരന്റെ വളർത്തു കോഴിയായിരുന്നു കിളിവാലൻ എന്നെപോലെ സുന്ദരനായ ഒരു പക്ഷിയും ഈ ലോകത്തില്ല. എന്റെ സൗന്ദര്യം കാണാൻ ഈ കുഗ്രമത്തിൽ ആരുമില്ല. കാട്ടിലേക്ക് പോയാലോ അവിടെ നിറയെ പക്ഷികളും മൃഗങ്ങളും കാണും. അങ്ങനെ കിളിവാലൻ കാട് ലക്ഷ്യമാക്കി നടന്നു സൗന്ദര്യ മത്സരത്തിനും എനിക്കായിരിക്കും സമ്മാനം ഞേ..... അവിടെ ആ മരത്തിൽ നിറയെ കാക്കകൾ. കാക്കകൾ ചേക്കേറുന്ന മരമായിരുന്നു അത്. ഏയ് എന്താ പൂങ്കോഴി....നീ ഇവിടെ? ഞാൻ കാട് കാണാനിറങ്ങിയതാ.... കാട് കാണുന്നതൊക്കെ കൊള്ളാം . പക്ഷേ സൂക്ഷിക്കണം കേട്ടോ..... അതെന്താ......? കാട് നിനക്ക് പരിചയമില്ലാത്ത ഇടമല്ലേ.... ചതിയന്മാർ കാണും അതൊന്നും പ്രശ്നമില്ല. ചങ്ങാതിമാരെ ഞങ്ങൾ പറയേണ്ടത് പറഞ്ഞു,ഇനിയൊക്കെ നിന്റെയിഷ്ടം . എന്നാൽ നേരത്തെ തന്നെ കിളിവാലനെ നോട്ടമിട്ട ഒരാളുണ്ടായിരുന്നു . ഒരു കുറുക്കൻ . ഇവനെ തട്ടിയാൽ ഇന്നത്തെ കാര്യം കുശാൽ . തക്കം കിട്ടിയപ്പോൾ കുറുക്കൻ കിളിവാലനും മേൽ ചാടിവീണു . അയ്യോ രക്ഷിക്കണേ ...... നിന്നെ ഈ കാട്ടിൽ ആര് രക്ഷിക്കാനാ ....? ങെ ആ പൂവൻ കോഴിയുടെ കരച്ചിലാണല്ലോ കേൾക്കുന്നത് ? അവൻ വല്ല അപകടത്തിലും ചാടിയിട്ടുണ്ടാവും നമ്മുക്കൊന്ന് ചെന്ന് നോക്കാം . കാക്കകൾ കൂട്ടത്തോടെ കിളിവാലന്റെ അടുത്തുമെത്തി . ആ കള്ള കുറുക്കനെ കൊത്തിയോടിക്കു ......... അയ്യോ കാക്ക കൂട്ടം . കാക്കകൾ കുറുക്കനെ ആഞ്ഞു കൊത്തി . വൈകാതെ കിളിവാലനെ ഉപേക്ഷിച്ച് കുറുക്കൻ ഓടി രക്ഷപ്പെട്ടു

മുഹമ്മദ് ഫവാസ്
9k

## പാവങ്ങൾ (Les Miserable) Victor Huge

ലോകസാഹിത്യത്തിൽ എക്കാലവും തലയുർത്തി നിൽക്കുന്ന ഒരു ക്ലാസിക്ക് കൃതിയാണ് പാവങ്ങൾ അഥവാ "Les Miserables" വിക്ടർ ഹ്യൂഗോയാണ് ഇതിന്റെ കഥാകൃത്ത്.സാമൂഹിക അനീതിയുടേയും, രാഷ്ട്രീയസംഭവവികാസങ്ങളുടേയും വീരസാഹസികതങ്ങളുടേയുംകഥയാണ് പാവങ്ങൾ പറയുന്നത് . കടുത്ത പട്ടിണി മൂലം ഒരു റൊട്ടി കഷ്ണം മോഷ്ടിക്കേണ്ടി വന്ന ജീൻവൽജീൻ എന്ന മനുഷ്യന്റെ കഥയാണ് വിക്ടർ ഹ്യൂഗോ നമുക്ക് പറഞ്ഞു തരുന്നത്.സാഹചര്യമാണ് അയാളെ ഒരു മോഷ്ടാവാക്കിതീർത്തത്.ഒരു റൊട്ടി കഷ്ണം മോഷ്ടിക്കേണ്ടിവന്നതിന്റെ പേരിൽ അയാൾ ഒരുപാട് വർഷം ജയിലിൽ കഴിഞ്ഞു.എന്നിട്ടും ഒരു കുറ്റവാളി എന്ന തന്റെ പേരിൽ നിന്ന് മോചനം നേടാൻ കഴിഞ്ഞില്ല.ജീൻവാൽജീൻ എന്ന സാധുമനുഷ്യന്റെ സന്തോഷദുഖം നിറഞ്ഞ നിമിഷങ്ങളുടേയും ഭാഗ്യ ദൗർഭാഗ്യ നിമിഷങ്ങളുടേയും കഥയാണ് പാവങ്ങൾ . സാഹചര്യമാണ് ഒരാളെ മോഷ്ടാവോ കൊലപാതകിയോ ആക്കുന്നത് എന്ന സന്ദേശം വിക്ടർ ഹ്യൂഗോ വായനയക്കാരിൽ എത്തിക്കുന്നു. പിന്നീട് സമൂഹത്തിൽ ആരും ആരാധിക്കുന്ന ഒരു ആളായിട്ടുപോലും സമൂഹത്തിന്റെ കണ്ണിൽ കുറ്റവാളിയും ഭീകരനുമായിതന്നെ നിൽക്കുന്നു. പിന്നീട് സാമൂഹികവും,സാമ്പത്തികവുമായ ഉന്നതിയിലെത്തിയ ജീൻവാൽജീനിനെ തന്റെ കഴിഞ്ഞ കാലം മനസ്സിൽ നിന്ന് മായ്ച്ചുകളയുവാൻ ഇൻസ്പെക്ടർ ജാവർ എന്ന ക്രൂരനായ കഥാപാത്രം സമ്മതിക്കുന്നില്ല . സമൂഹത്തിനു മുന്നിൽ എന്നെന്നും ഒരു മോഷ്ടാവും, ഭീകരനും ആക്കുക എന്നായിരുന്നു ജവാറിന്റെ ഉദ്ദേശം . വിക്ടർ ഹ്യൂഗോയുടെ അതിശക്തനായ ഒരു കഥാപാത്രമായ ജവാൻ ദുർവ്വിധിയിൽ നിന്നും രക്ഷപ്പെടുന്നതിനിടയിൽ ജീൻവാൽജീനിന്റെ ജീവിതത്തിൽ മറ്റനവധി കഥാപാത്രങ്ങൾ എത്തുന്നു . ജീവിക്കാൻ വേണ്ടി പല പണിയും എടുക്കുന്ന ഫൻതീൻ,അവളുടെ സുന്ദരിയായ മകൾ കൊസത്ത്,ക്രൂരനുംകൊള്ളക്കാരനുമായതെനാർദിയറും ഭാര്യയും,തെരുവ് പയ്യനായ ഗൗരോഷ്,ധീരനും അഭിമാനിയുമായ മരിയൂസ്, അപ്പോണൈൻ എന്ന തെരുവുപെണ്ണ് . തുടങ്ങിയവരെല്ലാം വായനക്കാരുടെ ഇടയിൽ ഒരു സ്ഥാനം പിടിക്കും.ജീൻവാൽജീൻ എന്ന സാധുമനുഷ്യന്റെ ഭാഗ്യ ദൗഭാഗ്യങ്ങളുടെ ഹൃദയ സ്പർശിയ 'പാവങ്ങൾ' വായനക്കാരുടെ മനസ്സിൽ എന്നും തങ്ങിനിൽക്കും

സോന

9b

# സമാധാനത്തിന്റെ യോദ്ധാവ്

ഓ മനുഷ്യാ, നീ ഓർക്കുക,നീയിന്ന്
കൊന്ന് തിന്നുന്ന ഈ പാവം ജീവജാലങ്ങളാൽ,
നീ ഇന്നനുഭവിക്കുന്ന ഈ സ്വാതന്ത്യം
നിന്റേതല്ലന്നു നിനക്കറിയാമെങ്കിലും നീയത്-
മറക്കുന്നു.
ഈ മൺതരികൾക്കറിയാം,
ഈ പാറി നടക്കുന്ന മേഘതുണ്ടുകൾക്കറിയാം,
ആരോരുമില്ലാത്ത കുഞ്ഞു  പുല്ലിനും
ഈ  മിണ്ടാ  പ്രാണികളായ  മൃഗങ്ങൾക്കുമറിയാം
അതെ,നീ  പുച്ഛിച്ചു  തള്ളിയ
ആ  സമാധാനത്തിന്റ  യോദ്ധാവ്
മഹാത്മാ ഗാന്ധി  തന്നെ.
പണ്ട് ആ മഹാത്മാവ്  സ്വാതന്ത്രത്തിനു
വേണ്ടിയിറങ്ങിയില്ലായെങ്കിൽ
നീയിന്നിങ്ങനെ  ജീവിക്കുമായിരുന്നോ
നീയിന്ന്  സമാധാനത്തിന്  വേണ്ടി  പോരാടിയില്ലങ്കിലും
അദ്ദേഹം അന്ന്  സമാധാനത്തിനു വേണ്ടി  പോരാടി.

ajnas.v



## കനൽപ്പൂക്കൾ

വീണുപൊട്ടി ചിതറുമെൻ
കനൽ മോഹങ്ങളിൽ
എന്നും നിന്റെ മുഖമായിരുന്നു
സ്നിഗ്ധതയാശിച്ചെൻ
അരികിൽ നീ എത്തുമ്പോൾ
മരണത്തിൽ ഗന്ധമായ് എൻവാക്കുകൾ
അനുപമേ നിന്നെയെൻ
മനസ്സിന്റെ തടവിൽ പൂട്ടി
പഞ്ചവർണക്കിളിക്കുപമയാക്കാം
ഞാൻ പറഞ്ഞവെല്ലാം
ഞാനെഴുതിയ വല്ലും വരെ
നോവിന്റ സ്പർശമായിരുന്നു
സ്നേഹത്തിൻ ചൂടിൽ
ഞാൻ പാട്ട് പാടിടുമ്പോൾ
പ്രത്യക്ഷമാകും നിൻ വിശ്വരൂപം
നിന്റെ സ്നേഹത്തിലേ പ്രത്യാശയായ്
ഞാനലയും നാളുകൾ നീണ്ടുനിൽപ്പൂ....
സ്നേഹത്തിൽ മുള്ളാൽ നിൻ
കനൽപ്പൂക്കളെത്തുമ്പോൾ നല്ലതെല്ലാം
നിൻ രൂപമില്ലാതാകും....
മരണപ്പാളത്തിൽ കുതിക്കുന്ന
എനിക്കിനി ജീവിതത്തിലേക്ക് ഇറക്കമുണ്ടോ..............

FATHIMA SANA .E
9k

## നിലാവ്

കൂടണയാൻ വൈകിയ പറവകൾ മരക്കൊമ്പുകളിൽ ചേക്കേറുമ്പോൾ
ഇരുളിന്റെ വിരുന്നുകാരനായി അവൻ വന്നിറങ്ങി....
നിലാവ്....
പൂർണചന്ദ്രന്റെ പ്രഭാപൂരിതമായി വെള്ളിനിലാവ് അത്താഴം കഴിച്ച് എല്ലാവരും കിടന്നെന്ന് ഉറപ്പുവരുത്തി അവൻ ജാലകത്തിലൂടെ ഒഴുകിയെത്തുന്ന നിലാവിന-
ഭിമുഖമായി അവളിരുന്നു.....
അനുപമ....
അവളേറെ മോഹിക്കുന്നതും ആനിലാവിനെ മാത്രമാണ്....
ശാന്തമാണ്....
സുന്ദരമാണ്....
അനിർവചനീയമാണ്....
നിലാവു വീണുകിടക്കുന്ന പാടശേഖരങ്ങളും തെങ്ങിൻ തോട്ടവും തോടും....
അതിനുമപ്പുറം റെയിൽപ്പാതയും കുന്നിൻ ചെരിവും....
എല്ലാം നിലാവിൽ മുങ്ങിക്കുളിച്ച് കിടക്കുന്നത് അനുപമ തുറന്നിട്ട ജാലകത്തിലൂടെ നോക്കിക്കണ്ടു.ഇഷ്ടമാണവൾക്ക് ആ നിലാവിനെ ...നേരം പുലരുവോളം കൊതിതീരാതെ കാണുവാൻ ആശയുണ്ടെങ്കിലും ഉറക്കം അനുപമയെ എപ്പോഴോ കീഴടക്കിയിരിക്കും...തോളിൽ തൂക്കിയ ബാഗും മുഷിഞ്ഞ യൂണിഫോമുമായി സ്ക്കൂളിൽ നിന്നും മടങ്ങിയെത്തിയാൽ അനുപമയ്ക്ക് രാത്രിയാവാൻ വേണ്ടിയുള്ള പ്രാർത്ഥന മാത്രമേയുള്ളൂ..........

മുംതാസ്.കെ
9.കെ.

# വെളിച്ചം

അറിവിന്റെ ജാലകം തേടി വന്നു-
ഞങ്ങൾ,അറിയാതെ.........
അറിയാത്ത വഴികളിൽ തുണയായി വന്നു
നിങ്ങൾ, അറിവായ്..........

അറിവിന്റെ ജാലകം തുറന്നു തന്നു
നിങ്ങൾ,അറിവോടെ.........
അജ്ഞാതമാം വഴികളിൽ വെളിച്ചമേകി-
നിങ്ങൾ,അറിവിനാൽ.....

വിജ്ഞാന ദീപമേ അകലരുതൊരിക്കലും
നിങ്ങൾ അറിവുമായി.........
അറിവിന്റെ ദീപമെ അണയരുതൊരി-
ക്കലും നിങ്ങൾ,
ഞങ്ങൾ തൻ ഹൃദയത്തിൽ.................

ആയിഷ സൽവ
9k




ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
LK/2018/19029
സി.പി.പി.എച്ച്.എം.എച്ച്.എസ്.എസ്
0494 2 582 155

## ആശ്വാസവാക്ക്

പാടാതെ ഞാനെഴുതിയ വരിയാണവൾ
മഷി കഴിഞ്ഞ പേനപോലുള്ളെൻ ജീവിതം
നിറങ്ങളിൽ നിറഞ്ഞ മഷിയാൽ അവൾ എഴുതി
ഇന്ന് ഈ ചിരിക്കുപോലും കാരണം അവളായി
സങ്കടത്തിന്റെ ഭാണ്ഡവുമായി ഞാൻ പൂണ്ട് പോകുമ്പോൾ
ആശ്വാസവാക്കായവളണഞ്ഞു പുഴ എന്തിന്നു വിഷമിക്കണം എന്നും ഒഴുകുകയില്ലേ...
നീ എന്തിനു വിഷമിക്കണം ഞാനില്ലേ കൂടെ.....

Semeela.c

# ഇന്റർവ്യൂ

2018 ലെ സംസ്ഥാന സ്ക്കൂൾ കലോത്സവത്തിൽസി.പി.പി.എച്ച്.എം.എച്ച്.എസിലെ അഭിനന്ദ് സുനിൽ സംസ്കൃത ഗാനാലാപനത്തിൽ എ ഗ്രേഡ് കരസ്ഥമാക്കി.അഭിനന്ദുമായി നടത്തിയ അഭിമുഖത്തിലെ പ്രസക്തഭാഗങ്ങൾ.

**ഫാത്തിമ സന :** അഭിമാനാർഹമായ ഒരു നേട്ടമാണ് അഭിനന്ദ് കൈവരിച്ചത്. ആദ്യമായി അഭിനന്ദനങ്ങൾ അറിയിക്കുന്നു.ഈ വിജയത്തെക്കുറിച്ച് അഭിനന്ദിന് എന്താണ് പറയാനുള്ളത്?

**അഭിനന്ദ് സുനിൽ :** സംസ്കൃതഗാനാലപനത്തിലാണ് ഞാൻ മത്സരിച്ചത്.എന്റെ അച്ഛന്റെയും അമ്മയുടേയും ഭഗവാൻ കൃഷ്ണനെ മനസ്സിൽ കണ്ടു കൊണ്ട് പാടി.എന്റെ സംസ്കൃതാധ്യാപകനായ ഹരി കൃഷ്ണൻ സാറും ആനന്ദ് സാറും മ്യൂസിക്ക് അധ്യാപകിയായ ലിജി ടീച്ചറും എനിക്ക് പൂർണ്ണ സപ്പോർട്ട് നൽകിയിരുന്നു. മത്സര സമയത്ത് നന്നായി പാടാൻ പറ്റി.അച്ഛനമ്മമാരുടേയും ഗുരുക്കൻമാരുടേയും ഭഗവാന്റെയും അനുഗ്രഹം കൊണ്ടാണതെന്ന് ഞാൻ വിശ്വസിക്കുന്നു.

**സന :** മുൻപ് ഇത്തരം മത്സരത്തിൽ പങ്കെടുത്തിട്ടുണ്ടോ?

**അഭിനന്ദ് :** 4ാം ക്ലാസുമുതൽ മത്സരങ്ങളിൽ പങ്കെടുത്ത് വി ജയിച്ചിട്ടുണ്ട്

**സന :** മറ്റേതെങ്കിലും ഇനങ്ങളിൽ മത്സരിച്ചിട്ടുണ്ടോ?

**അഭിനന്ദ് :** അഷ്ടപദി, ലളിതഗാനം, സംഘഗാനം, കർണാടക സംഗീതം,വന്ദേമാതരം,എന്നീ ഇനങ്ങളിൽ മത്സരിച്ച് സമ്മാനം നേടിയിട്ടുണ്ട് .ആകാശ വാണിയിൽ പാടാൻ അവസരം ലഭിച്ചിട്ടുണ്ട്.

**സന :** പാട്ട് പഠിക്കാൻ തുടങ്ങിയിട്ട് എത്ര വർഷമായി?

**അഭിനന്ദ് :** നാല് വർഷം.

**സന :** ആരെല്ലാമാണ് ഗുരുക്കാൻമാർ?

**അഭിനന്ദ് :** ശ്രീമതി സുനിലാ ഉണ്ണി, ശ്രീമതി നിസാ അസീസ്

**സന :** ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹം?

**അഭിനന്ദ് :** ഏറ്റവും കൂടുതൽ പിന്തുണ നൽകുന്ന മാതാപിതാക്കളും ഗുരുക്കൻമാരും.

**സന :** ഭാവിയെക്കുറിച്ച് അഭിനന്ദിനുള്ള പ്രതീക്ഷകളും ആഗ്രഹങ്ങളും ഒന്ന് പങ്കുവെയ്ക്കാമോ?

**അഭിനന്ദ് :** ഭാവിയിൽ ഒരു പൈലറ്റാകാനാണ് ആഗ്രഹം.പഠനത്തിനും ജോലിക്കുമൊപ്പം കലയും കൊണ്ടുപോകണം.ഗാനരംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കണം.ധാരാളം മത്സരങ്ങളിൽ പങ്കെടുക്കണം എന്നൊക്കെയുള്ള ചിന്തകളാണ് ഇപ്പോൾ മനസ്സിലുള്ളത്.

**സന :** അഭിനന്ദിന്റെ ആഗ്രഹം പോലെ നല്ല ഭാവി ഉണ്ടാവട്ടെ സർവേശ്വരനോട് പ്രാർത്ഥിക്കാം.അതോടൊപ്പം ഞാനുമായി ഇത്രയും കാര്യങ്ങൾ പങ്കുവെച്ചതിന് അഭിനന്ദിന് പ്രത്യേകം നന്ദി പറയുന്നു.



# അപ്പു

ദരിദ്ര കുടുംബത്തിലെ കുട്ടിയാണ് അപ്പു.ബുദ്ധിമാനും ചിത്രകാരനുമായ അവനെ സ്ക്രൂളിൽ എല്ലാവർക്കും ഇഷ്ടമായിരുന്നു.ക്ലാസിൽ എന്നും പഠനത്തിൽ ഒന്നാമനായിരുന്നു അവൻ.

അപ്പുവിന്റെ അച്ചൻ കൃഷിക്കാരനായിരുന്നു.കൃഷി ആയിരുന്നു ഏക വരുമാനം.അപ്പു പത്താം ക്ലാസിൽ പഠിച്ചിരുന്ന സമയത്താണ് പ്രകൃതിക്ഷോഭത്തിൽ അവരുടെ കൃഷി നശിച്ചത്.

ഗത്യന്തരമില്ലാതെ അച്ചനോടൊപ്പം അവൻ കൂലിപ്പണിക്ക് പോയി തുടങ്ങി.പഠനം പാതി വഴിക്ക് ഉപേക്ഷിക്കേണ്ടി വരിക എന്നത് അവൻ സഹിക്കാൻ പറ്റിയില്ല.അവന് അടുത്ത വീട്ടിലെ അരുണിനോട് ചോദിച്ച് പാഠഭാഗങ്ങൾ ഹൃദ്യസ്ഥമാക്കി.ടീച്ചറും അവനെ സഹായിച്ചു.ബുദ്ധിമുട്ടുകൾക്കിടയിലും അവൻ പരീക്ഷയെഴുതി.സ്ക്രൂളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചത് അവനാണ്.അവനെ എല്ലാവരും അഭിനന്ദിച്ചു.ഇനിയും നന്നായി പഠിച്ച് എന്റെ അച്ചനെയും അമ്മയെയും സന്തോഷങ്ങളിലേക്ക് നയിക്കാൻ നലൊരു ജോലി ഞാൻ നേടും എന്ന് അവന് നിച്ചയിച്ചു.

ആദിത്യൻ 10.c



## പ്രകൃതി

പ്രകൃതിയാം ദേവത ചിരിതൂകി നിൽക്കുന്നു
എൻ ഹൃദയത്തിൽ ഒരു വസന്തം വിരിയുന്നു
ആ സൗരഭ്യമേൽക്കുവാൻ ഞാൻ ആകെ വെമ്പുന്നു
പൂക്കൾ എന്നിൽ സുഗന്ധം നിറക്കുന്നു
നിൻ മടിത്തട്ടിൽ വീഴാൻ ഞാൻ തുടിച്ചുനിൽക്കുന്നു
പ്രകൃതിയാം അമ്മേ നിനക്കു വന്ദനം
തണൽ തന്ന മരവും
വെയിലേറ്റ് പൊഴിയും
തണലിനായി കെഞ്ചുന്ന നാമേവരും
പൊഴിയുന്നിതാ ഇലകൾ
ഒടിയുന്നിതാ ശാഖ
ഒഴുകുന്നിതാ തനിയെ വഴുതുന്നിതാ
ഇരുളുന്നിതാ മേഘം
ഒഴുകുന്നിതാ പുഴകൾ
ചിരിയുടെ സന്ദേശമാവുന്നിതാ സൂര്യൻ
തനിയെ തേങ്ങുന്നിതാ മനസ്സ്

vismaya.ua
8A

# ഓർമ്മയുടെ നാളുകൾ

ഇന്ന് 9-ാം ക്ലാസിന് വിരാമമിടുകയാണ്.
തന്റെ കൂട്ടുക്കാരെല്ലാം യാത്ര പറയുകയാണ്. ഇനി
എന്ന് കാണും എന്ന് ആർക്കും അറിയില്ല .എന്നാലും ചിരിച്ച് കൊണ്ട് യാത്ര പറയുമ്പോൾ
ഉള്ളിൽ എവിടെയോ ഒരു വേദന.എങ്കിലും ഞാൻ
ഏറ്റവും കൂടുതൽ വെറുത്തത് രണ്ട് മാസത്തെയാണ്
ഇതിനിപ്പെട്ടന്ന് കഴിഞ്ഞ് പോയാലല്ലെ സ്കൂൾ തുറന്നാൽ തന്റെ കൂട്ടുകാരെ കാണാൻ കഴിയൂ.
യാത്രയും പറഞ്ഞ് എല്ലാവരും മടങ്ങി ഒഴിഞ്ഞ ക്ലാസ് മുറിയിലേക്ക് ഒരു വട്ടം കൂടി തിരിഞ്ഞു നോക്കി ഞാനും മടങ്ങി .വീട്ടിലെത്തി എന്നത്തെ
ക്കാളും സങ്കടമായിരുന്നു ഉള്ളിൽ ഞാൻ സ്നേഹിച്ച
വരും കുറ്റപ്പെടുത്തിയവരും കളിയാക്കിയവരും തല്ല്
കൂടിയവർ വരെ ഇന്ന് പിരിഞ്ഞകന്നു.രാത്രി കിടക്കുമ്പോഴും മനസ്സിലേക്ക്
ഓടിയെത്തും ക്ലാസിലെ ഓർമ്മകൾ.ഈ രണ്ട് മാസം വേഗം
കഴിഞ്ഞുരുന്നുവെന്ന് എന്ന് ഞാൻ മനസ്സിൽ സ്വയം പിറുപിറുക്കുന്നു.അത്രയ്ക്ക് രസമായിരുന്നു ആ ക്ലാസ്.ശ്രീ ദേവി ടീച്ചറുടെ ബയോളജിയും ശ്രീജ ടീച്ചറുടെ മലയാളവും ബിജു വർഗീസ് സാറിൻെറ കണക്കും എല്ലാം നല്ല
രസമായിരുന്നു.ശ്രീദേവി ടീച്ചറുടെ ചോദ്യം ചോദിക്കാൻ തുടങ്ങിയാൽ
എല്ലാവരും പേടിച്ചിരിക്കും . എന്തിനെന്നല്ല
ടീച്ചറുടെ ചോദ്യം കേട്ടിട്ടല്ല ഉത്തരം അറിയില്ല. അത് ടീച്ചർക്ക് അറിയാം
അതു കൊണ്ട് ടീച്ചർ ഞങ്ങൾക്ക് മുൻകൂട്ടി സമ്മാനം തരും .മറ്റൊന്നുമല്ല
അടി.................അടുത്ത പിരീട് ശ്രീജ ടീച്ചറുടെതാണ് സാരിയുമിടുത്ത്
വെളുത്ത മുഖത്ത് പൊട്ട് തൊട്ട് കറുത്ത മുടി മുന്നിലേക്ക് വരും ടീച്ചറുടെ
കഥയും പാട്ടും കേട്ടാൽ ചുറ്റുമുള്ളത് ഒന്നും അറിയാൻ കഴിയില്ല .ടീച്ചർക്കൊരു
സ്വഭാവമുണ്ട് തന്റെ ക്ലാസിൽ ബുക്കില്ലാത്ത ആരും ഉണ്ടാ
വാൻ പാടില്ല.അത് ടീച്ചർക്ക് നിർബന്ധമാണ്.ടീച്ചറുടെ പിരീഡിൽ
വരാന്തയിൽ കാണാം കുറച്ച് മൊഞ്ചത്തിമാരും മൊഞ്ചൻമാരും 9c ക്ക്മുന്നിൽ
പ്രതിമകളെ പോലെ നിൽക്കുന്നത് .കൂട്ടത്തിൽ ഒരു മൊഞ്ചത്തിയുമുണ്ട്
മറ്റാരുമല്ല ഈ ഞാൻ തന്നെ .അങ്ങനെ ടീച്ചറിത് കർശനമാക്കി .

ടീച്ചറിതിൽ നിന്നും മാറ്റമില്ല എന്ന് കണ്ടപ്പൊൾ വരാന്തയിലെ മൊഞ്ചനും
 മൊഞ്ചത്തിമാരും ബുക്ക് കൊണ്ട് വരാൻ തുടങ്ങി . അടുത്ത പിരീഡ് നമ്മുടെ
കണക്ക് മാഷാണ്. അത് ഓർക്കുമ്പോൾ തന്നെ പേടിയാണ്
എന്താണെന്നല്ലേ..... ?ബെല്ലടിച്ച ഉടനെ ക്ലാസിൽ കയറില്ലെ
ങ്കിൽ പിന്നെ പുറത്ത് നിൽക്കുന്ന അവസ്ഥയാകും .അപ്പോൾ സാറെ കാണാൻ
സൂപ്പറാണ് . ഇനിയും ഒരുപാട് പേരുണ്ട് .പക്ഷെ ഞാൻ പറയുന്നില്ല . ഇനി
നമുക്ക് ക്ലാസിലേക്ക് തിരിച്ചുവരാം .ക്ലാസിൽ തല്ലും
ചീത്ത വിളിയും തെറ്റലും മുണ്ടലുമായി കഴിഞ്ഞു പോകുന്ന എന്റെ കൂട്ടുകാ
രുടെ അടുത്തേക്ക്  എനിക്ക് എല്ലാവരും ഒരുപോലെയാണ് .പക്ഷെ അ
വസാന ദിവസത്തിൽ ഇങ്ങനെ ഒന്നും വേണ്ടായിരുന്നു എന്ന് ഓർത്തു.
ഏറ്റവും കൂടുതൽ സ്നേഹമുള്ള ഇടത്താണ് ഏറ്റവും കൂടുതൽ പിണക്കം അത്
സത്യമാണ്.ഇതിന് ഒരു പ്രധാന കഥാപാത്രമുണ്ട് എന്റെ ക്ലാസിൽ ഒരു
കാന്താരി.വെറും കാന്താരിയല്ല ഒരു ഒന്നൊന്നര കാന്താരി .ഓളെ കാണാൻ
അഡാർ മൊഞ്ചാണെങ്കിലും കാര്യത്തോട് അടുത്താൽ അവൾ
എണ്ണയിലിട്ട കടുകാണ് പൊട്ടിത്തെറിക്കും അത് അവളുടെ ഒരു
പ്രത്യേകതയാണ്.കൂട്ടുകാരേ........സൗഹൃദങ്ങൾ കാലങ്ങളോളം നില നിർത്തണം
എന്തിനെന്നല്ല അവർ നമ്മളിൽ നിന്നകലാതിരിക്കാൻ വേണ്ടി. നമ്മളോട്
കൂടുതൽ സ്നേഹമുള്ളവർ പിണങ്ങാൻ സാധ്യത കൂടുതലാണ് സംസാരത്തി-
നിടയിൽ വരുന്ന ചെറിയ ചെറിയ ഞരുകൾ മതിയാകും ഒരുപാട് കാലം തെറ്റി
നടക്കാൻ .ഒടുവിൽ ചിരി നിന്നു പിണക്കമായി അതിനപ്പുറം ശത്രുവായി .
അവരെ കാണുമ്പോൾ അവരറിയാതെ അവരുടെ മുന്നിൽ നിന്നും മാറി
നടക്കും . കാലം ഏറെ കഴിഞ്ഞാൽ അവരുമായുള്ള ബന്ധം കഴിഞ്ഞു .ഓർക്കുക
സൗഹൃദവുംസ്നേഹവുമുള്ള കൂട്ടുകാരെ വിട്ട് കളയരുത് .നെഞ്ചോട് ചേർത്ത് വെച്ച്
സ്നേഹിക്കുക.അവരെ കളിയാക്കി കുറ്റപ്പെടുത്തി ജീവിതം കളഞ്ഞ് തീർത്താൽ
ഏറെ കഴിഞ്ഞ് ദു:ഖിക്കേണ്ടി വരും. അന്ന് അവരോടൊന്നു
മിണ്ടിയിരിന്നുവെങ്കിൽ എന്ന കുറ്റബോധം നിന്റെ മനസ്സിൽ അല തല്ലും.
നിന്റെ മനസ്സ് പോലും അപ്പോ നിന്നെ വെറുത്തു പോകും അപ്പാൾ ഒരു
നിമിഷം മനസ്സിൽ ചിന്തിച്ച് പോകും .അവരെ ഒരു നോക്ക്
കണ്ടിരുന്നുവെങ്കിൽ,മാപ്പ് ചോദിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഓർക്കുക
കാലമൊരുപാട് കഴിഞ്ഞാൽ സൗഹൃദം ഒരു ഓർമ മാത്രമാണ് .
സ്നേഹവും സൗഹൃദവും ഒരേ മനസ്സിൽ കൊണ്ട് നടക്കുന്ന എന്റെ കൂട്ടുക്കാരെ
കാത്ത്സൂക്ഷിക്കുക. സൗഹൃദമെന്ന വാക്കുകൾ മായാതെ നോക്കുക.........

സുഹൈല


YELLOW

# *സ്വാതിതിരുനാൾ*

1813 ഏപ്രിൽ 16-ാം തിയ്യതി തിരുവിതാംക്കൂർ രാജവംശത്തിൽ ശ്രീ സ്വാതിതിരുനാൾ ഭൂജാതനായി.രാമവർമ്മ എന്നായിരുന്നു യഥാർത്ഥ നാമധേയം.രാജകുടുംബത്തിൽ പുരുഷസന്താനങ്ങളില്ലാതിരുന്ന അവസരത്തിൽ ഗർഭസ്ഥിതനായിരിക്കുമ്പോൾ തന്നെ കിരീടാവകാശിയായതുകൊണ്ട് 'ഗർഭശ്രീമാൻ 'എന്ന് അറിയപ്പെട്ടു.കലാകാരന്മാരിൽ രാജാവും,രാജാക്കന്മാരിൽ കലാകാരനും ആയിരുന്നു അദ്ദേഹം.ചങ്ങനാശ്ശേരി രാജവർമ്മ കോയിത്തമ്പുരാന്റേയും തിരുവിതാംക്കൂർ മഹാറാണിയായിരുന്ന ഗൗരിലക്ഷ്മിബായിമ്പുരാട്ടിയുടേയും പുത്രനായിട്ടാണ് ജനിച്ചത്.

പതിമൂന്നാം വയസ്സായപ്പോഴേക്കും സംസ്കൃത,മലയാളം, തെലുങ്ക്, ഹിന്ദുസ്ഥാൻ, ഇംഗ്ലീഷ്,മറാഠി,കർണ്ണാടക തുടങ്ങിയ ഭാഷകളും. ഗണിതം,രാജ്യതന്ത്രം തുടങ്ങിയ ശാസ്ത്രങ്ങളും സംഗീതാദി കലകളും അദ്ദേഹം അഭ്യസിച്ചു.ശാസ്ത്രീയ സംഗീതത്തിലും വാദ്യസംഗീതത്തിലും അസാമാന്യമായ പ്രാവീണ്യം നേടി.പതിനാറമത്തെ വയസ്സിൽ തന്നെ ഇദ്ദേഹം രാജ്യഭരണമേറ്റു.ഇംഗ്ലീഷ് വിദ്യഭ്യാസ പ്രചാരണത്തിന് ആദ്യത്തെ രാജാസ് ഫ്രീ സ്ക്കൂൾ,തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറി,നക്ഷത്ര ബംഗ്ലാവ്,സർക്കാർ അച്ചുക്കൂടം,ആദ്യത്തെ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങൾ അദ്ദേഹം ആരംഭിച്ചവയാണ്.
കോടതി നിയമാവലി തയ്യാരാക്കിവച്ചതും എടുത്ത് പറയത്തക്കമാണ്. തിരുവനന്തപുരം രംഗവിലാസം കൊട്ടാരം, പത്മനാഭപുരം കൊട്ടാരത്തിലെ ദർബാർ ഹാൾ തുടങ്ങിയവ അദ്ദേഹം പണിക്കഴിപ്പിച്ചവയണ് 1847 ൽ 34-ാം വയസ്സിൽ അദ്ദേഹം നാടുനീങ്ങി

അദ്ദേഹത്തിന്റെ സംഗീതസദസ്സിൽ അനേകം വിദ്യന്മാർ ഉണ്ടായിരുന്നു ത്യാഗരാജ ശിഷ്യനായിരുന്നു കണ്ണയ്യ ഭാഗവതൻ,ദീക്ഷിത-രുടെ ശിഷ്യന്മാരായിരുന്നു
പൊന്നയ്യ,ചിന്നയ്യ,ശിവനാന്ദം,തഞ്ചാവൂർചിന്താമണി,ചോളപുരം രഘുനാഥരായർ,പാലക്കാട്
പരമേശ്വര,ഭാഗവതർ,രംഗയ്യങ്കാൾ,സുലൈമാൻ സേട്ട് തുടങ്ങിയ പലരും

ഉണ്ടായിരുന്നു.കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ അദ്ദേഹത്തിന്റെ സതീർത്ഥനായിരുന്നു.ഇരയിമ്മൻ തമ്പി സഹചാരിയും സദസ്സിലെ അംഗവുമായിരുന്നു.ശ്രീ സ്വാതിതിരുന്നാൾ ശിശുവായിരുന്നപ്പോൾ അദ്ദേഹത്തിനുവേണ്ടി തമ്പി രചിച്ചതാണ്" ഓമനത്തിങ്കൾ കിടാവോ" എന്ന താരാട്ടുപാട്ട്.ഷഡ്ക്കാല ഗോവിന്ദമാർ,മാളിയക്കൽ കൃഷ്ണൻ മാരാർ,അദ്ദേഹത്തിന്റെ അദ്വൈത ഗുരുവായിരുന്ന ക്ഷീരാബ്ധി ശാസ്ത്രി,ഹരികഥാകാലക്ഷേ സമ്പ്രദായം മഹാരാഷ്ട്ര ദേശത്ത് നിന്ന് ഇവിടെ കൊണ്ടുവന്ന പ്രശസ്തനായ അനന്തപത്മനാഭ ഗോസ്വാമി തുടങ്ങി എത്രയോ അധികം പണ്ഡിത നാമങ്ങൾ മഹാരാജ സദസ്സുമായി ബന്ധപ്പെടുത്തി സ്മരിക്കപ്പെടേണ്ടതായുണ്ട് കർണ്ണാടക സംഗീതം , ഹിന്ദുസ്ഥാനി സംഗീതം ,മോഹിനിയാട്ടം , ഭരതനാട്യം, വീണ, സ്വരബത് തുടങ്ങിയ വാദ്യങ്ങളുടെ പ്രയോഗം എന്നിവയ്ക്കെല്ലാം സ്ഥാനവും പ്രോത്സാഹവനവും നൽകിയ സർവ്വകലാവല്ലഭനായ മഹാരാജാവ് സംഗീത-പ്രോത്സാഹന-പ്രചാരണാദികളിൽമഹത്തായ സേവനം അനുഷ്ഠിച്ച്.

ഭക്തിമഞ്ജരി,സ്യാനന്ദൂരപുര വർണ്ണന പ്രബന്ധം,ശ്രീ പത്മനാഭ ശതകം,അജാമിളോപാഖ്യാനം,കുചേലോപാഖ്യാനം,ഉത്സവ വർണ്ണന പ്രബന്ധം എന്നീ പ്രൗഢക കൃതികൾക്കു പുറമേയാണ് അദ്ദേഹത്തിന്റെ സംഗീത കൃതികൾ. ജതിസ്വരം, താനവർണ്ണം,ചൗക്കവർണ്ണം, കീർത്തനം,കൃതി,പദം,തില്ലാന,രാഗമല്ലിക, ധ്രുപദ്,ഠപ്പ,ഖയാൽ, സാകി, ദാവി,ദിണ്ഡി,എന്നീ ഗാനരൂപങ്ങളിലായി നാന്നൂറോളം സംഗീത കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

നവരാത്രി കീർത്തനങ്ങൾ തിരുവനന്തപുരത്ത് ശ്രീ പത്മനാഭ ക്ഷേത്രത്തിനു തൊട്ടു കിഴക്കു ഭാഗത്ത് കുതിര മാളിക കൊട്ടാര പരിസരത്തുള്ള നവരാത്രി മണ്ഡപത്തിൽ ആസ്ഥാന വിദ്വാന്മാർ നവരാത്രി വേളയിൽ യഥാക്രമം ഇതര സ്വാതികൃതികളോടൊപ്പം മുഖ്യ കൃതിയായി ആലപിച്ചു വരുന്നു. ഈ രീതി ശ്രീ സ്വാതിതിരുനാൾ തന്നെ ആരംഭിച്ചതാണ് . 1830 അടുപ്പിച്ചായിരിക്കാം ഇത് തുടങ്ങിയത് . സംഗീത കച്ചേരി വൈകീട്ട് 6 മണി മുതൽ 8.30 വരെയാണ്. സ്ത്രീകൾക്ക് മണ്ഡപത്തിൽ നവരാത്രി കച്ചേരിയിൽ പങ്കെടുക്കാൻ അനുവാദമില്ല. നവരാത്രി സംഗീത കച്ചേരികൾക്ക് തിരുവിതാംകൂർ രാജകുടുംബത്തിന്റെ

സാന്നിധ്യം പതിവാണ് . മഹാനവമി ദിവസം മംഗളം പാടിയാണ് കച്ചേരി അവസാനിപ്പിക്കുക. കുചേലോപാഖ്യാനത്തിലെ പ്രശസ്തമായൊരു ശ്ലോകമാണ് മംഗളത്തിന് ആലപിക്കുക. നവ രാത്രിക്കാലത്ത് സരസ്വതി പൂജവേളയിൽ ആലപിക്കുന്നതിനായി സംവിധാനം ചെയ്തിട്ടുള്ളവയാണ് നവരാത്രി കീർത്തനങ്ങൾ. കേരളത്തിൽ കർണാടക സംഗീത കച്ചേരി സമ്പ്രദായം ആരംഭിച്ചത് തന്നെ നവരാത്രി കച്ചേരികളോടുകൂടി ആയിരിക്കാം.നവരാത്രി കീർത്തനങ്ങൾക്ക് കേരളീയ സംഗീതരംഗത്ത് തികച്ചും വ്യത്യസ്തമായ
ഒരു സ്ഥാനമുണ്ട്.



നന്ദി...